# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മരുതോങ്കര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 7/555/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 31/03/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മരുതോങ്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി/പി 7/555/2022 തീയ്യതി: 31/03/2022

## കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|---|---|
| ശ്രീ. എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 21-03-2022 | 26-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (**മുതൽ**) | തീയതി (**വരെ**) |
|---|---|
| 21-03-2022 | 26-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.കെ.സതീഷ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ.എഎം.കരുണാകരൻ, ഓഡിറ്റ് ഓഫീസർ,
ശ്രീ.സതീഷ് കുമാർ.സി.പി, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ.ഷിബിൻ.കെ.എസ്, ഓഡിറ്റർ,
ശ്രീ.വിജേഷ്.കെ.കെ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. കെ.എം.സതി | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ. ചന്ദ്രൻ.പി | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. റോബർട്ട്.ടി | അസി. സെക്രട്ടറി | 01-04-2019 | 23-07-2019 |
| ശ്രീ. ജിനു എബ്രഹാം | അസി. സെക്രട്ടറി | 23-07-2019 | 31-03-2020 |
| ശ്രീമതി. രമ്യാ രാജൻ.വി | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. ബേബി രസ്ന | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ. ഇ.വി.ആനന്ദൻ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ. ജ്യോതിസ്.വി.പി | വെറ്റിനറി സർജൻ | 01-04-2019 | 12-08-2019 |
| ഡോ. സന്തോഷ്.പി.കെ | വെറ്റിനറി സർജൻ | 13-08-2019 | 31-01-2020 |
| ഡോ. സിലിയ | വെറ്റിനറി സർജൻ | 01-02-2020 | 31-03-2020 |
| ശ്രീമതി. അശ്വിനി.എ.ആർ | അസി. എഞ്ചിനിയർ | 01-04-2019 | 31-03-2020 |
| ശ്രീ. പ്രീത് കുമാർ | വി.ഇ.ഒ | 01-04-2019 | 15-06-2019 |
| ശ്രീ. ബിജു | വി.ഇ.ഒ | 15-06-2019 | 31-03-2020 |
| ശ്രീ. മഹേഷ്.കെ.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ശ്രീമതി. നീതു വർഗീസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ. ചന്ദ്രൻ.വി.കെ | ഹെഡ് മാസ്റ്റർ | 01-04-2019 | 03-06-2019 |
| ശ്രീ. അബ്ദുൾ അസീസ്.എം.ആർ | ഹെഡ് മാസ്റ്റർ | 03-06-2019 | 31-03-2020 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.Karunakaran (Audit Officer, On 26-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Shibin K S (Auditor, On 24-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 26-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Shibin K S (Auditor, On 24-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 25-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ<br>Written By: Shibin K S (Auditor, On 25-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: M.Karunakaran (Audit Officer, On 26-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: M.Karunakaran (Audit Officer, On 26-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-6 |
| 9 | തൊഴിലുറപ്പ് പദ്ധതിക്കാവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിൽ സുതാര്യതയില്ല<br>Written By: M.Karunakaran (Audit Officer, On 26-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-6-1 |
| 10 | ക്ഷേമ പദ്ധതികൾ<br>Written By: Shibin K S (Auditor, On 25-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-7 |
| 11 | വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം<br>Written By: Shibin K S (Auditor, On 26-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-7-1 |
| 12 | ക്യാഷ് പരിശോധന<br>Written By: Shibin K S (Auditor, On 25-03-2022)<br>Last Updated By: Shibin K S (Auditor, On 27-03-2022) | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം<br>Written By: M.Karunakaran (Audit Officer, On 26-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-9 |
| 14 | മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് നടപടികളില്ല<br>Written By: M.Karunakaran (Audit Officer, On 26-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-10 |
| 15 | ക്രമവൽക്കരിച്ച അനധികൃത കെട്ടിടത്തിന് അനധികൃത കെട്ടിട നികുതി ചുമത്തിയില്ല.<br>Written By: Vijesh K.K (Auditor, On 26-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-11 |
| 16 | സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല | 1-12 |

| | | |
|---|---|---|
| | Written By: Vijesh K.K (Auditor, On 26-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | |
| 17 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയതിൻപ്രകാരം തുടർ നടപടികൾ സ്വീകരിച്ചില്ല<br>Written By: Vijesh K.K (Auditor, On 26-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-13 |
| 18 | ചലഞ്ച് ഫണ്ട് അനുവദിച്ചതിലെ അപാകതമൂലം-ഭക്ഷണവിതരണംപോലും നടക്കാതെ അഗതിരഹിത കേരളം(ജനറൽ)-പ്രൊജക്ട്<br>Written By: M.Karunakaran (Audit Officer, On 26-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-14 |
| 19 | വിവിധ വാർഡുകളിലെ കുടിവെള്ള വിതരണം-പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ<br>Written By: M.Karunakaran (Audit Officer, On 26-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-15 |
| 20 | ജലനിധി പദ്ധതികളുടെ പുനരുദ്ധാരണത്തിന് വിഹിതം നൽകൽ-അടവാക്കിയ പഞ്ചായത്ത് വിഹിതത്തിന്റെ വിനിയോഗ വിവരം ലഭ്യമല്ലാത്തതും മറ്റ് അപാകതകളും<br>Written By: M.Karunakaran (Audit Officer, On 26-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-16 |
| 21 | കപ്പാട്ട് ചെയ്ത നിരക്കിനേക്കാൾ അധിക തുക കരാറുകാരന് നൽകി<br>Written By: SathishKumar C P (Asst. Audit Officer, On 27-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-17 |
| 22 | പാർട്ട് ബില്ലിൽ നിന്നും റിടെൻഷൻ തുക ഈടാക്കിയില്ല<br>Written By: SathishKumar C P (Asst. Audit Officer, On 27-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-18 |
| 23 | കരാറുവെക്കാൻ താമസിച്ചതിനു കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല<br>Written By: SathishKumar C P (Asst. Audit Officer, On 27-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-19 |
| 24 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല<br>Written By: Sathish Kumar K (Audit Officer (HG), On 27-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-20 |
| 25 | മുൻകുറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു<br>Written By: Sathish Kumar K (Audit Officer (HG), On 27-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-21 |
| 26 | ആവശ്യത്തിന് പുസ്തകങ്ങളില്ലാതെ പഞ്ചായത്ത് ലൈബ്രറി<br>Written By: M.Karunakaran (Audit Officer, On 26-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-22 |
| 27 | എസ്.എസ്.എ. വിഹിതം അടവാക്കൽ- പ്രൊജക്ട് വിശദാംശം തയ്യാറാക്കുന്നതിന് പഞ്ചായത്ത് പങ്ക് വഹിച്ചില്ല<br>Written By: M.Karunakaran (Audit Officer, On 26-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-23 |
| 28 | കന്നുകുട്ടി പരിപാലന പദ്ധതി-സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Sathish Kumar K (Audit Officer (HG), On 27-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-24 |
| 29 | പെയിൻ ആൻഡ് പാലിയേറ്റീവ് : മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല<br>Written By: Shibin K S (Auditor, On 27-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-25 |
| 30 | ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസന്റീവ് - സാക്ഷ്യപത്രം ഹാജരാക്കിയില്ല<br>Written By: Sathish Kumar K (Audit Officer (HG), On 27-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-26 |
| 31 | കട്ടിൽ വിതരണം :ഒരാൾക്കു തന്നെ രണ്ടു തവണ നൽകി<br>Written By: SathishKumar C P (Asst. Audit Officer, On 27-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-27 |
| 32 | സ്ഥിര താമസക്കാരെന്ന രേഖകളില്ലാതെ സ്കോളർഷിപ്പ് നൽകുന്നു<br>Written By: SathishKumar C P (Asst. Audit Officer, On 27-03-2022) | 1-28 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 30-03-2022) | |
| 33 | സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം - വിശദാംശം ലഭ്യമാക്കിയിട്ടില്ല<br>Written By: Sathish Kumar K (Audit Officer (HG), On 27-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-29 |
| 34 | തനത് ഫണ്ടിനത്തിൽ ലഭ്യമായതിലും കൂടിയ തുക പ്രൊജക്ടുകൾക്ക് വകയിരുത്തുന്നു<br>Written By: M.Karunakaran (Audit Officer, On 26-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-30 |
| 35 | സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം വർഷങ്ങളായി തിരികെ അടവാക്കാതെ കിടക്കുന്നു<br>Written By: M.Karunakaran (Audit Officer, On 26-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കാട്ട് ചെയ്യു നിരക്കിനേക്കാൾ അധിക തുക കരാറുകാരന് നൽകി<br>Written By: SathishKumar C P (Asst. Audit Officer, On 27-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Shibin K S (Auditor, On 25-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Shibin K S (Auditor, On 26-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: Shibin K S (Auditor, On 26-03-2022)<br>Last Updated By: Shibin K S (Auditor, On 26-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Shibin K S (Auditor, On 26-03-2022)<br>Last Updated By: Shibin K S (Auditor, On 26-03-2022) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Shibin K S (Auditor, On 25-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Shibin K S (Auditor, On 26-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Shibin K S (Auditor, On 26-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Shibin K S (Auditor, On 25-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Shibin K S (Auditor, On 25-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Shibin K S (Auditor, On 27-03-2022)<br>Last Updated By: Vasudevan M (Deputy Director, On 30-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Shibin K S (Auditor, On 25-03-2022) | 4-11 |

| | | |
|---|---|---|
| | Last Updated By: Vasudevan M (Deputy Director, On 30-03-2022) | |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ഓഡിറ്റ് വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 6.2.19- ൽ കൂടിയ ഭരണസമിതിയുടെ അജണ്ട1 തീരുമാനം 1/20 നമ്പർ പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് 10.03.2020 ലെ അജണ്ട 2 തീരുമാനം1 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. പരിഷ്കരിച്ച ബജറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

1994ലെ കേരളപഞ്ചായത്ത് രാജ്നിയമം 214ാം വകുപ്പ് പ്രകാരം സർക്കാർ അതത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി 175ാം വകുപ്പ് പ്രകാരമുള്ള വികസനപദ്ധതി ചെലവുൾപ്പെടെ അടുത്തവർഷത്തേക്ക് ഉണ്ടാവാനിടയുള്ള വരവു ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനവരി 15 ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾ സെക്രട്ടറിയും അതത് വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ച് തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് സമർപ്പിക്കണം. എന്നാൽ സ്റ്റാന്റിംഗ് കമ്മറ്റികളൊന്നും തന്നെ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി അംഗീകരിച്ച സമർപ്പിച്ച കാണുന്നില്ല. മാത്രമല്ല വിശദമായ ബജറ്റ് നിർദ്ദേശങ്ങളടങ്ങിയ ഫയൽ പരിശോധനക്ക് ലഭ്യമായിട്ടില്ല. ഭരണസമിതി ബജറ്റ് അംഗീകരിച്ചിട്ടുണ്ടെങ്കിലും നിശ്ചിത ഫോർമാറ്റിലുള്ള ബജറ്റ് പരിശോധനക്ക് ലഭ്യമായിട്ടില്ല. പഞ്ചായത്ത് പരിശോധനക്ക് ലഭ്യമാക്കിയ ബജറ്റിൽ ഹെഡ് വൈസ് ക്രോഡീകരിക്കാതെ സാമ്പത്തിക വർഷത്തെ വരവ് ചെലവുകളുടെ സംക്ഷിപ്ത വിവരം മാത്രമെ ഉൾപ്പെടുന്നുള്ളു. ബജറ്റ് പ്രകാരമുള്ള വരവും യഥാർഥ വരവും തമ്മിൽ താരതമ്യം ചെയ്തതിൽ ആയവ തമ്മിൽ വൻ അന്തരം നിലനിൽക്കുന്നു. അതേപോലെതന്നെ പ്രധാന വരവിനങ്ങളിൽ പഞ്ചായത്തിന്റെ യഥാർത്ഥ വരവും, ബജറ്റ് പ്രകാരം പ്രതീക്ഷിത വരവും തമ്മിൽ നല്ല വ്യത്യാസം നിലനിൽക്കുന്നുണ്ട്. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് | യഥാർത്ഥ വരവ് |
|---|---|---|
| തൊഴിൽ നികുതി | 1300000 | 777920 |
| വസ്തുനികുതി | 3300000 | 2950170 |

ചെലവിനങ്ങളിൽ ഓപ്പറേഷൻ മെയിന്റനൻസ് ഇനങ്ങളിൽ ബജറ്റ് പ്രകാരം പ്രതീക്ഷിത ചെലവ് 11,45,000 രൂപയുള്ളപ്പോൾ യഥാർത്ഥ ചെലവ് 2440771 രൂപയാണ്. ഭരണസമിതി അംഗീകരിച്ച് തയ്യാറാക്കിയ നിശ്ചിത പ്രൊഫോർമയിലുള്ള ബജറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതും ബജറ്റ് തയ്യാറാക്കുമ്പോൾ എല്ലാ വരവ് ചെലവുകൾക്കും ആവശ്യമായ വകയിരുത്തലുകൾ ഉൾപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 01.06.2020 |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

1. 2019-20 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂളിലെ ബ്ലോക്ക്-ജില്ലാ

പഞ്ചായത്ത് ജോയിന്റ് വെഞ്ചർ ഇനത്തിൽ (റവന്യൂ, ക്യാപിറ്റൽ) 3,89,460/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ വാർഷികകണക്ക് ബി-17 ഷെഡ്യൂൾ പ്രകാരം ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ (Treasury Special TSB JointVenture) 1,99,822/- രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിട്ടുള്ളത്.

2. 2019-20 വാർഷിക ധനകാര്യ പത്രിക ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-6 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായ് ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിലെ ചെലവ് 7,44,437 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിലെ ചെലവ് 14,82,340 രൂപയുമാണ് . എന്നാൽ സുലേഖ ചെലവ് പത്രിക പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായ് ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതം ഇനത്തിലെ ചെലവ് 11,44,437 രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം ഇനത്തിലെ ചെലവ് 16,71,978 രൂപയുമാണ്.

3. 2019-20 വാർഷിക ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് RP-40(b) പ്രകാരം എസ്.ബി.ഐ, കുറ്റ്യാടി, (നം.67389823071)ഇ-പെയ്മെന്റ് അക്കൗണ്ടിൽ 31.03.2020ന് 2,45,088 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ വസ്തു നികുതി ഇ-പെയ്മന്റ് സൗകര്യം ഉപയോഗിച്ച് നികുതി അടവാക്കുന്ന നികുതിദായകരുടെ മുഴുവൻ നികുതി തുകയും ഗ്രാമപഞ്ചായത്തിന്റെ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആകുന്നതിന്റെ കൃത്യത പരിശോധിക്കുന്നതിനുള്ള 2019-20 വർഷത്തെ ഇ-പെയ്മെന്റ് റസീപ്റ്റ് സ്റ്റേറ്റ്മെന്റ്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ ഹാജരാക്കിയിട്ടില്ല.

4. 2019-20 വാർഷിക ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (RP-36) ഷെഡ്യൂൾ പ്രകാരം Advance Collection Of Revenues - Licence Fees For Dangerous&Offensive Traders ഇനത്തിലെ വരവ് 98,400 രൂപയാണ്. എന്നാൽ 2020-21 വർഷത്തെ എഫ്.ടി.ഇ.എ&ഒ രജിസ്റ്ററിൽ 2020 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ കളക്ട് ചെയ്ത അഡ്വാൻസ് ലൈസൻസ് ഫീസിന്റെ ആകെ തുക 73,400 ആണ് .

5. വാടക രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ Rent From Buildings ഇനത്തിലെ ഡിമാന്റ് 18,900 രൂപയാണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം Rent From Buildings ഇനത്തിലെ ഡിമാന്റ് തുക 17,325 രൂപയാണ് .

6. 2019-20 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂൾ പ്രകാരം Other Deposits ഇനത്തിൽ 1,57,160 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം Other Deposits ഇനത്തിൽ 2019-20 സാമ്പത്തിക വർഷത്തെ നീക്കിയിരിപ്പ് 1,37,000 രൂപയാണ്.

7. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2019-20 സാമ്പത്തിക വർഷത്തിൽ Auction Deposit ഇനത്തിൽ 16,000 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ 2019-20 വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂളിൽ പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടില്ല.

8. ഡെപ്പോസിറ്റ് ഇനത്തിൽ 2018-19 ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുക + (2019-20 വർഷം ലഭിച്ച തുക RP-34 വരവ് ഭാഗം) - (2019-20 വർഷത്തെ ചെലവ് RP-34 ചെലവ് ഭാഗം) ചെയ്താൽലഭിക്കുന്ന തുകയായ 7,90,975 രൂപയും 2019-20 ബാലൻസ് ഷീറ്റ് B7 ഷെഡ്യൂളിലെ തുകയായ 7,83,070 രൂപയും വ്യത്യാസപ്പെട്ടിരിക്കുന്നു.

9. വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റ് ബി-14 ഷെഡ്യൂൾ പ്രകാരം 13,400/- രൂപയുടെ സ്റ്റോർസ് 2019-20 ൽ നീക്കിയിരിപ്പുണ്ട്. എന്നാൽ ഇത് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

10. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-16 ഷെഡ്യൂൾ പ്രകാരം പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

11. വാർഷിക കണക്കിൽ അടിസ്ഥാന അനുപാതങ്ങൾ, അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,10,91,452 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 5,33,42,965 |
| ആകെ | 6,44,34,417 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,58,78,084 |
| നീക്കിയിരിപ്പ് | 85,56,333 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്- ജനറൽ (ACR പ്രകാരം) | 0 | 1,04,73,033 | 1,04,73,033 | 89,28,819 | 15,44,214 |
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | 0 | 18,10,000 | 18,10,000 | 11,85,362 | 6,24,638 |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | 0 | 3,76,000 | 3,76,000 | 2,21,275 | 1,54,725 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 1,14,95,000 | 1,14,95,000 | 61,78,677 | 53,16,323 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 33,52,000 | 33,52,000 | 11,47,219 | 22,04,781 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 87,81,165 | 87,81,165 | 17,79,937 | 70,01,228 |
| ഐ.സി.ഡി.എസ് | 8,10,555 | 8,35,121 | 16,45,676 | 16,45,060 | 616 |

| | | | | | |
|---|---|---|---|---|---|
| എൻ.ആർ.ഇ.ജി.എസ് | 32,389 | 27,09,342 | 27,41,731 | 25,60,317 | 1,81,414 |
| സാക്ഷരത | 16,374 | 643 | 17,017 | 119 | 16,898 |
| എം.പി.ഫണ്ട് | 93,193 | 3,659 | 96,852 | 118 | 96,734 |
| ജലനിധി | -- | 35,83,452 | 35,83,452 | 35,70386 | 13,066 |

1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

സർക്കാർ ഉത്തരവ് (കൈ) 16/2021/ത.സ്വ.ഭ.വ. പ്രകാരം ഐ.കെ.എം. തയ്യാറാക്കിയ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1. ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസനഫണ്ട് (ജനറൽ), വികസനഫണ്ട് (എസ്.സി.പി),വികസനഫണ്ട് (ടി.എസ്.പി) എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ.കെ.എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസനഫണ്ട് (ജനറൽ) | 3,74,35,899 | 1,21,15,890 |
| വികസനഫണ്ട് (എസ്.സി.പി) | 64,05,938 | 20,13,938 |
| വികസനഫണ്ട് (ടി.എസ്.പി) | 5,83,200 | 3,76,000 |

2. വികസനഫണ്ട്(ജനറൽ), വികസനഫണ്ട്(എസ്.സി.പി), വികസനഫണ്ട് (ടി.എസ്.പി) ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീമിന്റെ (കേന്ദ്രാവിഷ്കൃത ഫണ്ട്) വരവായി ഉൾപ്പെടുത്തിയ തുക(1,70,75,838) വാർഷിക കണക്കിലെ തുകയുമായി(8,35,121) പൊരുത്തപ്പെടുന്നില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെക്കൊടുക്കുന്നു.

| അംഗീകാരം | നടപ്പിലാക്കിയ | ഭാഗികമായി | നടപ്പിലാക്കാത്ത |
|---|---|---|---|

| ലഭിച്ച പ്രൊജക്ടുകൾ | പ്രൊജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയത് | പ്രൊജക്ടുകൾ |
|---|---|---|---|
| 185 | 89 | 8 | 88 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 185 പ്രൊജക്ടുകൾക്കാണ് സാമ്പത്തികവർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ കേവലം 97 പ്രൊജക്ടുകൾക്ക് മാത്രമെ സാമ്പത്തികവർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. വിവിധ പ്രൊജക്ടുകൾക്കായി 6,91,98,031 രൂപ വകയിരുത്തിയതിൽ കേവലം 3,58,99,383 രൂപ മാത്രമെ പ്രൊജക്ടുകൾക്കായി വിനിയോഗിച്ചിട്ടുള്ളൂ. യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/മെയിന്റെനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണമായി വിനിയോഗിക്കാൻ കഴിയാതെ വൻതുക പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ ക്കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവുവന്ന തുക | ലാപ്സായ തുക |
|---|---|---|---|
| C.F.C.ഗ്രാന്റ് | 8781165 | 1779937 | 7001228 |
| മെയിന്റെനൻസ് ഗ്രാന്റ് നോൺ റോഡ് | 11495000 | 6178677 | 5316323 |
| മെയിന്റെനൻസ് ഗ്രാന്റ് റോഡ് | 3352000 | 1147219 | 2204781 |
| വികസന ഫണ്ട് ജനറൽ | 10473033 | 8928819 | 1544214 |
| വികസന ഫണ്ട് -SCP | 1810000 | 1185362 | 624638 |
| വികസന ഫണ്ട് - T.S.P | 376000 | 221275 | 1544214 |
| ആകെ | 36287198 | 19441289 | 16845909 |

സാമ്പത്തിക വർഷത്തിൽ മേൽ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 36287198 രൂപയിൽ 19441289 രൂപ വിനിയോഗിക്കാൻ മാത്രമെ പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളൂ. അവശേഷിക്കുന്ന 16845909 രൂപ ചെലവഴിക്കാതെ പഞ്ചായത്തിന് നഷ്ടമായിട്ടുണ്ട്. ആയതിൽ ക്യൂബിൽ ആയ ബില്ലുകൾ എത്രയാണെന്ന കൃത്യമായ കണക്ക് പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. ക്യൂബിൽ തുക ഒഴിവാക്കിയാൽ തന്നെ പ്രൊജക്ടുകളുടെ നിർവഹണത്തിൽ വന്ന വീഴ്ച മൂലം ലക്ഷക്കണക്കിന് രൂപ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാണ്. വികസനഫണ്ട് ജനറൽ, എസ്.സി.പി, ടി.എസ്.പി, മെയിന്റെനൻസ് ഗ്രാന്റ് റോഡ്, നോൺറോഡ്, സെൻട്രൽ ഫൈനാൻസ് കമ്മീഷൻ ഗ്രാന്റിനങ്ങളിലെല്ലാം തന്നെ ലഭ്യമായ ഫണ്ട് വിനിയോഗിക്കാൻ കഴിയാത്ത സ്ഥിതി പഞ്ചായത്തിൽ സാമ്പത്തികവർഷം പ്രകടമാണ്. ആയതിൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്, മെയിന്റനൻസ് ഗ്രാന്റ് റോഡ് ഇനങ്ങളിലുണ്ടായ ഫണ്ട് നഷ്ടമാണ് പ്രധാനം . നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം പ്രത്യേകമായി പരിശോധിച്ചാൽ അസി.എഞ്ചിനീയറുടെ പ്രൊജക്ട് നിർവഹണത്തിലുള്ള വീഴ്ചയാണ് ഫണ്ട് നഷ്ടത്തിന് പ്രധാനമായും കാരണമായത്. അസി.എഞ്ചിനീയർക്ക് സ്പിൽ ഓവർ പ്രൊജക്ടുകൾ

ഉൾപ്പെടെ 104 പ്രൊജക്ടുകൾ നടപ്പിലാക്കാനുണ്ടായിരുന്നതിൽ കേവലം 39 പ്രൊജക്ടുകൾക്ക് മാത്രമെ തുക ചെലവഴിക്കപ്പെട്ടിട്ടുള്ളു. അസി.എഞ്ചിനീയർക്ക് നിർവഹണത്തിനായുണ്ടായിരുന്ന 43 പുതിയ പ്രൊജക്ടുകളിൽ ഒരെണ്ണത്തിന് മാത്രമാണ് തുക വിനിയോഗിക്കാൻ കഴിഞ്ഞത്. അസി.എഞ്ചിനീയർക്ക് മാത്രം 17 പ്രൊജക്ടുകളിലായി 4360105 രൂപ ക്യൂബിൽ ആയി മാറിയിട്ടുണ്ട്. മറ്റ് നിർവഹണ ഉദ്യോഗസ്ഥരിൽ , മെഡിക്കൽ ഓഫീസർ പി.എച്ച്.സി മെഡിക്കൽ ഓഫീസർ ആയുർവേദം, ഡയറി ഫാം ഇൻസ്പെക്ടർ എന്നിവരൊഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥർ തങ്ങൾക്ക് നടപ്പിലാക്കാനുള്ള മുഴുവൻ പ്രൊജക്ടുകളും നടപ്പിലാക്കിയിട്ടില്ല. സ.ഉ.(എം.എസ്.)നമ്പർ 11/2018/ത.സ്വ.ഭ.വ. തി.29.1.18 ഖണ്ഡിക 6.7 ൽ നിഷ്കർച്ച പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി (Asset Maintenance Plan) തയ്യാറാക്കിയല്ല റോഡ്, റോഡിതര ആസ്തികളുടെ മെയ് ന്റനൻസുകൾ നടത്തി വരുന്നത്.

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി മിനുട്സ് പരിശോധിച്ചതിൽ പ്രൊജക്ടുകളുടെ രൂപീകരണം , നിർവഹണം എന്നിവയിൽ ശ്രദ്ധ ചെലുത്തുകയും നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം അവലോകനം നടത്തുകയും ചെയ്തുവരുന്നുണ്ടെങ്കിലും നിരന്തര വിലയിരുത്തലിന്റെ അഭാവം പ്രകടമാണ്. മറ്റ് സ്റ്റാന്റിംഗ് കമ്മറ്റികൾ തങ്ങൾക്ക് കീഴിലുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പ്രവർത്തനം സംബന്ധിച്ച വിലയിരുത്തൽ ഭൂരിഭാഗം യോഗങ്ങളിലും നടന്നു കാണുന്നില്ല. പഞ്ചായത്ത് ഭരണസമിതി യോഗങ്ങളിലും പ്രൊജക്ടുകളുടെ നിർവഹണം സംബന്ധിച്ച വിലയിരുത്തൽ നടത്തിവരുന്നുണ്ടെങ്കിലും നിരന്തര വിലയിരുത്തൽ നടന്നുകാണുന്നില്ല. പദ്ധതി രൂപീകരണശേഷം മോണിട്ടറിംഗ് സമിതിയായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ ബന്ധപ്പെട്ട മേഖലകളിൽ തങ്ങളെ ഏൽപിച്ച ഉത്തരവാദിത്വം നിറവേറ്റുന്നതിനായി പ്രവർത്തനങ്ങളൊന്നും നടത്തി കാണുന്നില്ലെന്ന് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ചില വർക്കിംഗ് ഗ്രൂപ്പുകൾ സാമ്പത്തിക വർഷത്തിൽ പ്രൊജക്ടു നിർദ്ദേശങ്ങൾ സമർപ്പിക്കാൻ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്. വർക്കിംഗ് ഗ്രൂപ്പുകൾ പലപ്പോഴും നിശ്ചിത ക്വാറം ഇല്ലാതെയും യോഗം ചേർന്ന് തീരുമാനം കൈകൊണ്ടിട്ടുണ്ട്. അതേ പോലെ തന്നെ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ പലപ്പോഴും വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ പങ്കെടുത്ത് കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ എല്ലാം തന്നെ യോഗ മിനുട്സ് തയ്യാറാക്കി സൂക്ഷിക്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്. തങ്ങളിൽ നിക്ഷിപ്തമായ ചുമതലകൾ നിർവഹിക്കുന്നതോടൊപ്പം യഥാസമയം യോഗം ചേർന്ന് പ്രൊജക്ടുകളുടെ നിർവഹണത്തിൽ മോണിട്ടറിംഗ് നടത്തി വരുന്നു എന്ന് വർക്കിംഗ് ഗ്രൂപ്പുകൾ ഉറപ്പുവരുത്തേണ്ടതാണ് .

## 1-6 തൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2019-20 വർഷത്തിൽ ആകെ 4334 കുടുംബങ്ങൾ തൊഴിൽ കാർഡ് എടുത്തതിൽ 2800 കുടുബങ്ങളിൽ നിന്നായി 3211 പേർ തൊഴിലിനായി അപേക്ഷിക്കുകയും എല്ലാവർക്കും തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 359 പ്രവൃത്തികളിലായി സാമ്പത്തിക വർഷത്തിൽ ആകെ 231907തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുകയും തൊഴിലാളികളുടെ കൂലി ഇനത്തിൽ 64462627 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സാമ്പത്തികവർഷത്തിൽ 1552 കുടുംബങ്ങൾക്ക് 100 തൊഴിൽ ദിനം ലഭ്യമായിട്ടുണ്ട്. എം.എൻ. ആർ.ഇ.ജി.എസ്. ജീവനക്കാരുടെ ശമ്പളം, യാത്രാചെലവ് , മറ്റ് ചെലവുകൾ ഇനത്തിൽ 2165170 രൂപയും ചെലവഴിക്കപ്പെട്ടിട്ടുണ്ട്. സാമ്പത്തിക വർഷത്തെ ആക്ഷൻ പ്ലാൻ പ്രകാരം 536 പ്രവൃത്തികൾക്കായി 180234285 രൂപ വകയിരുത്തിരുന്നതിൽ മേൽ പറഞ്ഞ പ്രകാരം 359 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ആയതിൽ 96 എണ്ണം മെറ്റീരിയൽ പ്രവൃത്തികളാണ്. മെറ്റീരിയൽ പ്രവൃത്തികൾക്ക് മെറ്റീരിയൽ വിലയിനത്തിൽ മൊത്തം 16926975 രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

### 1-6-1 തൊഴിലുറപ്പ് പദ്ധതിക്കാവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിൽ സുതാര്യതയില്ല

സാമ്പത്തിക വർഷത്തിൽ തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പിലാക്കുന്ന മെറ്റീരിയൽ പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയലുകൾ ശേഖരിക്കുന്നതിൽ പഞ്ചായത്ത് സുതാര്യമായ നടപടി

ക്രമങ്ങൾ പാലിച്ചതായി കാണുന്നില്ല. പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയലുകൾ ഒറ്റ ടെണ്ടർ മുഖേന ഒന്നിച്ച് സമാഹരിക്കുന്നതിന് പകരം ഓരോ പ്രവൃത്തിക്കും ആവശ്യമായ മെറ്റീരിയലുകൾ പ്രത്യേകം ടെണ്ടർ ക്ഷണിച്ചാണ് ശേഖരിക്കുന്നത്. സാമ്പത്തിക വർഷത്തിൽ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനായി കൈകൊണ്ട ടെണ്ടറുകൾ പരിശോധിച്ചതിൽ 114 മെറ്റീരിയൽ പ്രവൃത്തികൾക്കാവശ്യമായ മെറ്റീരിയലുകൾ സപ്ലൈ ചെയ്യുന്നതിനായാണ് ടെണ്ടർ ക്ഷണിച്ചിരിക്കുന്നത്. ആയതിൽ 110 ടെണ്ടറുകളിലും അഹമ്മദ് ചെറുവേരി, മുഹമ്മദ് ഷമീർ രണ്ട് കരാറുകാർ മാത്രം പങ്കെടുക്കുകയും പങ്കെടുത്ത കരാറുകാരിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്യുകയും മറ്റെ ആൾ എസ്റ്റിമേറ്റിലും കൂടിയ നിരക്കും ക്വാട്ട് ചെയ്തു കാണുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് നിരക്ക് ക്വാട്ട് ചെയ്ത ഹമീദ് ചെറുവേരി എന്ന കരാറുകാരന് പ്രവർത്തി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം 110 പ്രവർത്തികൾക്കും മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനുള്ള ടെണ്ടർ ഒരാൾ തന്നെയാണ് ഏറ്റെടുത്തിരിക്കുന്നത്. ഇപ്രകാരം കരാറുകാരൻ സൈറ്റിൽ ഇറക്കുന്ന മെറ്റീരിയലുകൾ ആരും തന്നെ അളവ് സാക്ഷ്യപ്പെടുത്തുന്നതായും കാണുന്നില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 57,960 | 88 |
| കർഷക തൊഴിലാളി പെൻഷൻ | 34,35,600 | 618 |
| വിധവാ പെൻഷൻ | 48,79,800 | 881 |
| വാർദ്ധക്യകാല പെൻഷൻ | 71,59,800 | 1542 |
| വികലാംഗ പെൻഷൻ | 12,10,500 | 230 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 63,600 | 8 |
| വിവാഹ ധനസഹായം | 3,60,000 | 12 |

### 1-7-1 വിവിധ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ തീരുമാനം കൈക്കൊള്ളുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ വിവിധ ക്ഷേമ പെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്കു മുമ്പ് ലഭിച്ച അപേക്ഷകളിലും തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ വ്യക്തമാവുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം | അപേക്ഷകന്റെ പേര് | പെൻഷൻ ഇനം | അപേക്ഷ ലഭിച്ച തീയതി | തീരുമാനം എടുത്ത തീയതി |
|---|---|---|---|---|
| 1 | രതി, പുത്തൻപുരയിൽ | വിധവാ പെൻഷൻ | 30.05.2019 | 16.08.2019 |
| 2 | ജാനു, കുറ്റിയിൽ | | 04.09.2019 | 14.01.2020 |
| 3 | ശരീഫ, മീത്തൽമഠത്തിൽ | | 16.09.2019 | 30.11.2019 |
| 4 | നാരായണി.ടി.പി, നാട്ടുകാണിയിൽ | കർഷക ത്തൊഴിലാളി പെൻഷൻ | 20.05.2019 | 23.07.2019 |
| 5 | കരുണൻ, കക്കുഴിയുള്ള പറമ്പത്ത് | | 24.08.2019 | 28.10.2019 |
| 6 | അഭിരാം, വടക്കേപൊയിൽ | ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 06.06.2019 | 08.08.2019 |
| 7 | രാജീവൻ, വലിയകണ്ടത്തിൽ | | 11.11.2019 | 14.01.2020 |
| 8 | ഫൗസിയ, മലയന്റകണ്ടി | | 16.01.2020 | 15.07.2020 |
| 9 | കൃഷ്ണൻ, ഒറവുകണ്ടിയിൽ | വാർദ്ധക്യകാല പെൻഷൻ | 19.07.2019 | 01.11.2019 |
| 10 | കണാരൻ, കുറ്റിയിൽ | | 29.08.2019 | 01.11.2019 |

| | | | | |
|---|---|---|---|---|
| 11 | വത്സല, പുതിയപറമ്പത്ത് | | 04.09.2019 | 14.01.2020 |

സാമൂഹ്യസുരക്ഷാ പെൻഷൻ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. 01.04.2019 മുതൽ 31.03.2020 വരെ സ്ഥാപനത്തിൽ പെൻഷൻ അപേക്ഷകൾ സ്വീകരിച്ച തീയതി, അന്വേഷണ ഉദ്യോഗസ്ഥന് നൽകിയ തീയതി, അപേക്ഷകളിൽ അന്വേഷണം നടത്തി അന്വേഷണ ഉദ്യോഗസ്ഥൻ തിരിച്ചേൽപ്പിച്ച തീയതി, തീരുമാനം എടുത്ത് പെൻഷൻ അനുവദിച്ച തീയതി എന്നിവ എല്ലാ രജിസ്റ്ററുകളിലും എഴുതി ചേർത്തിട്ടില്ല.

അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിൽ അന്വേഷണം നടത്തി അപേക്ഷകൾ തിരിച്ചേൽപ്പിച്ചിട്ടും ഇവയിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം വരുന്നതായി കാണുന്നു. കർഷകതൊഴിലാളി പെൻഷന് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകൾക്ക് 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്.

പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം ഉണ്ടാവാനിടയായ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.03.2022 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,255 രൂപയുടെ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ അഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പഞ്ചായത്തിൽ കൃത്യമായ ജോലിവിഭജനത്തിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് ഉത്തരവാദിത്വങ്ങൾ 12-8-16ലെA4/10(1)നമ്പർ ഉത്തരവു പ്രകാരം വിഭജിച്ച് നൽകിയിട്ടുണ്ട്. പ്രതിമാസം സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്ന കാര്യത്തിൽ സാമ്പത്തിക വർഷം പഞ്ചായത്ത് ശ്രദ്ധചെലുത്തിയിട്ടുണ്ട്. അറ്റൻൻസ് രജിസ്റ്റർ സൂക്ഷിപ്പിൽ സാമ്പത്തിക വർഷത്തിൽ കൃത്യത പാലിച്ചിട്ടുണ്ട്. എല്ലാ പിരിവ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിൽ പലപ്പോഴും മേലുദ്യോഗസ്ഥർ ശ്രദ്ധപതിപ്പിച്ചതായി കാണുന്നില്ല. പഞ്ചായത്തിൽ സൂക്ഷിക്കേണ്ട വിവരാവകാശ രജിസ്റ്ററിൽ ആവശ്യമായ വിവരം നൽകിയതിന്റെ വിവരം പലപ്പോഴും രേഖപ്പെടുത്തുന്നില്ല. പരാതി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പരാതിയിൽ കൈകൊണ്ട തീരുമാനം പലപ്പോഴും രേഖപ്പെടുത്തിയിട്ടില്ല. കാഷ്ബുക്ക്, ഡേ ബുക്ക് എന്നിവ ദിവസേന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ഡേ ബുക്കിനോടൊപ്പം പ്രിന്റെടുത്ത് സൂക്ഷിക്കേണ്ട അതാത് ദിവസത്തെ കാൻസൽഡ് റസീറ്റുകൾ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബാങ്ക്, ട്രഷറി എകൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കിയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. വിവിധ ഡി.സി.ബി. രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിക്കുന്നതിലും വീഴ്ച ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിലെയും കൈമാറികിട്ടിയ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ പേരും വിലാസവും രേഖപ്പെടുത്തി സൂക്ഷിക്കേണ്ട ഇൻകുമ്പൻസി

മാസ്റ്റർ രജിസ്റ്റർ എഴുതി കൃത്യമായി സൂക്ഷിച്ചിട്ടില്ല. വൗച്ചറുകളുടെ കാര്യത്തിൽ വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഊർജിതമായ നടപടികൾ ഉണ്ടാവേണ്ടിയിരിക്കുന്നു. 1997-98 മുതൽ 2018-19 വരെ 24 റിപ്പോർട്ടുകളിലായി 272 പരാമർശങ്ങൾ നിലവിലും പരിഹരിക്കാതെ അവശേഷിക്കുന്നുണ്ട് .

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ഇത്തരം നടപടികളുടെ അപര്യാപ്തത മൂലം പഞ്ചായത്തിന് വരുമാനനഷ്ടം ഉണ്ടാവാൻ ഇടയാകുന്നു. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പ്രതിമാസ വരവു ചെലവു കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ ഒരു സൂപ്പർ ന്യൂമറി ക്ലർക്ക് അടക്കം 4 ക്ലർക്ക്, 4 സീനിയർ ക്ലർക്ക് തസ്തികകളാണ് നിലവിലുള്ളത്. ഫീൽഡ് ജോലിക്ക് നിയോഗിക്കപ്പെട്ട ജീവനക്കാർ തങ്ങളുടെ കൃത്യനിർവഹണത്തിൽ വീഴ്ചവരുത്തുന്നത് മൂലം, കെട്ടിടനിർമ്മാണം, മാലിന്യ സംസ്കരണം, ഡി&ഒ, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതല എൽപിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ടു ചെയ്യപ്പെടാതിരിക്കുകയും, ബന്ധപ്പെട്ട മേഖലകളിൽ പഞ്ചായത്തിന്റെ തുടർനടപടി ഇല്ലാതിരിക്കുകയും, ആയതു കൊണ്ടു തന്നെ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാവുകയും ചെയ്യുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്.

ധനമാനേജ്മെന്റിന് അടിസ്ഥാനമായ ബജറ്റ് തയ്യാറാക്കുന്നതിൽ നിയമപ്രകാരമുള്ള നടപടികൾ പാലിക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച ഉണ്ടായിട്ടുണ്ട്. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച് ബജറ്റ് പ്രപോസലുകളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ചു നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിക്കുന്നതായി കാണുന്നില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതു സംബന്ധിച്ച് കൃത്യമായ പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, അഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-10 മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് നടപടികളില്ല

ഗ്രാമപഞ്ചായത്തിന്റെ മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് സ്വീകരിച്ചുവരുന്ന നടപടികൾ പരിശോധിച്ചതിൽ 1997-98 മുതൽ 2018-19 വരെ 24റിപ്പോർട്ടുകളിലായി 272 ഖണ്ഡികകളിലെ പരാമർശങ്ങൾ നിലവിവും പരിഹരിക്കാതെ അവശേഷിക്കുന്നു. ആയത് പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ കാര്യമായ നടപടികൾ കൈകൊണ്ട് കാണുന്നില്ല. 2016-17,2017-18, 2018-19 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രത്യേകമായി പരിശോധിച്ചതിൽ 2016-17,17-18, വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾക്ക് പ്രഥമമറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരപരാമർശം പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും വളരെ കുറച്ച് തടസ്സ ഖണ്ഡികകൾ മാത്രമെ തീർപ്പായിട്ടുള്ളൂ. 2018-19 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 23.1.2020ൽ ഗ്രാമപഞ്ചായത്ത് കൈപറ്റിയശേഷം നിശ്ചിത സമയപരിധിക്കകം മറുപടി സമർപ്പിച്ചിട്ടില്ലാത്തതിനാൽ 22-5.2020 ൽ അനന്തര റിപ്പോർട്ട് പുറപ്പെടുവിക്കുകയും 20.6.20 പഞ്ചായത്ത് ലഭ്യമാക്കിയ മറുപടി പരിഗണിച്ച് 27/8/20 ൽ തുടർ പരാമർശം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 7 ഖണ്ഡികകളിലെ തടസ്സങ്ങൾ പരിഹരിക്കപ്പെട്ടിട്ടുണ്ടെങ്കിലും നിലവിലും 12 ഖണ്ഡികകളിലെ പരാമർശങ്ങൾ പരിഹരിക്കപ്പെട്ടിട്ടില്ല. 2017-18 വർഷത്തെ റിപ്പോർട്ട് 13.3.19 ൽ പുറപ്പെടുവിച്ചത് പഞ്ചായത്തിൽ ലഭിച്ച തിയ്യതി വ്യക്തമല്ല.

റിപ്പോർട്ടിന് 27.5.19ന് പഞ്ചായത്ത് ലഭ്യമാക്കിയ പ്രഥമമറുപടിയുടെ അടിസ്ഥാനത്തിൽ 17ഖണ്ഡികകളിലെ പരാമർശങ്ങൾ തീർപ്പാക്കിയിട്ടുണ്ടെങ്കിലും 14 ഖണ്ഡികകളിലെ പരാമർശങ്ങൾ നിലവിലും പരിഹരിക്കപ്പെട്ടിട്ടില്ല. അതേപൊലെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് 27-10-17 തിയ്യതിയിൽ പഞ്ചായത്തിൽ ലഭ്യമാവുകയും നിശ്ചിത സമയപരിധിക്കകം പ്രഥമ മറുപടി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 7 ഖണ്ഡികകളിലെ പരാമർശങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിലും 15 ഖണ്ഡികകളിലെ പരാമർശങ്ങൾ നിലവിലും പരിഹരിക്കപ്പെടാതെ അവശേഷിക്കുന്നുണ്ട്. ഓഡിറ്റ് റിപ്പോർട്ടുകൾക്ക് സമർപ്പിക്കുന്ന മറുപടികളിൽ ഭൂരിഭാഗവും അപാകത പരിഹരിക്കുന്നതിന് പര്യാപ്തമല്ലാത്തതും പ്രഥമമറുപടി സമർപ്പിച്ച ശേഷം റിപ്പോർട്ടുകളിൽ തുടർ നടപടികൾ കൈകൊള്ളാത്തതുമാണ് ഇത്തരത്തിൽ റിപ്പോർട്ടുകൾ തീർപ്പാക്കാതിരിക്കാൻ കാരണമാവുന്നത്. ഓഡിറ്റ് റിപ്പോർട്ടുകൾക്ക് വ്യക്തമായ മറുപടി തയ്യാറാക്കി സമർപ്പിച്ച് തടസ്സങ്ങൾ തീർപ്പാക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 ക്രമവൽക്കരിച്ച അനധികൃത കെട്ടിടത്തിന് അനധികൃത കെട്ടിട നികുതി ചുമത്തിയില്ല.

ശ്രീ ചെറിയ കഞ്ഞബ്ദുള്ള, ഒന്തത്ത് ഹൗസ് പാലേരി എന്നവരുടെ 17/04/2018ലെ A6/1266/18നമ്പർ അനധികൃത നിർമ്മാണ ക്രമവൽക്കരണ അപേക്ഷ പ്രകാരം മരുതോങ്കര പഞ്ചായത്ത് മരുതോങ്കര വില്ലേജിൽ റീ.സ 1/19ൽ നിർമ്മിച്ച മൂന്ന് നില വാണിജ്യ കെട്ടിടം (G+2) (541.85m2)കേരള പഞ്ചായത്ത് അനധികൃത നിർമ്മാണ ക്രമവൽക്കരണ ചട്ടം 2018പ്രകാരം കോഴിക്കോട് ജില്ലാ ജില്ലാ നഗരാസൂത്രകന്റെ ഉത്തരവ് നമ്പർ സി1/4100/2018/കെ.ഡിസ് തീ. 11/03/2019പ്രകാരം 941993/- രൂപ കോംപൗണ്ടിംഗ് ഫീയായി ഈടാക്കി ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് 14/11 A, B, C എന്നീ കെട്ടിട നമ്പറുകൾ നൽകി 2018-19 മുതൽ വസ്തുനികുതി ഈടാക്കി വരുന്നുണ്ട്.

എന്നാൽ ലഭ്യമാക്കിയ ക്രമവൽക്കരണ ഫയലിൽ 17/04/2018 ന് നൽകിയ ക്രമവൽക്കരണ അപേക്ഷ മാത്രമാണുള്ളത്. ഇതിന് മുൻപ് കെട്ടിട ഉടമ കെട്ടിടത്തിന് നിർമ്മാണ പെർമിറ്റ് എടുക്കാനോ ക്രമവൽക്കരിക്കാനോ അപേക്ഷ തന്നതായോ ഇതിൽ പഞ്ചായത്ത് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ എന്നൊന്നും ഉള്ള വിവരം ലഭ്യമല്ല. ഇതിനാൽ തന്നെ എത്ര കാലമായി സ്ഥാപനം പ്രവർത്തിച്ചുവരുന്നു എന്നോ കെട്ടിട നിർമ്മാണം എന്ന് പൂർത്തിയായി എന്നോ വ്യക്തമാവുന്നില്ല. എന്നാൽ 17/04/2018 ന് സമർപ്പിച്ച അപേക്ഷയിൽ സമർപ്പിച്ച കെട്ടിടത്തിന്റെ ഫോട്ടോയിൽ സൂര്യ സിൽക്സ് എന്ന സ്ഥാപനം ബോർഡ് ഉൾപ്പടെ വച്ച് പ്രവർത്തിച്ചു വരുന്നതായി കാണുന്നു. അനധികൃത നിർമ്മാണ ക്രമവൽക്കരണ ചട്ടം 2018 പ്രകാരം 2017 ജൂലൈ 31 ന് മുൻപ് നിർമ്മിച്ചതായ അനധികൃത കെട്ടിടങ്ങളാണ് ക്രമവൽക്കരിച്ചു നൽകുന്നത്. ഇത് പ്രകാരം ഈ കെട്ടിടത്തിന് 2017 രണ്ടാം അർദ്ധ വർഷം മുതൽ അനധികൃത നിർമ്മാണ കെട്ടിട നികുതി ഈടാക്കേണ്ടതായിരുന്നു. കെട്ടിടത്തിന്റെ ക്രമവൽക്കരണ അപേക്ഷയിലെ അപാകതകൾ പരിഹരിച്ച് 11/03/2019 ലാണ് കെട്ടിടം ക്രമവൽക്കരിച്ച് ഉത്തരവാകുന്നത്. ഇതിനാൽ തന്നെ 2018 രണ്ടാം അർദ്ധവർഷം വരെ കെട്ടിടത്തിന് അനധികൃത കെട്ടിടത്തിന്റെ വസ്തുനികുതി (3ഇരട്ടി) ഈടാക്കേണ്ടതായിരുന്നു.

## 1-12 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2019-20 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ, ഡി & ഓ ലൈസൻസ് രജിസ്റ്റർ, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം | ഡി&ഒ ലൈസൻസ് നം | സ്ഥാപനം, ലൈസൻസ് ഓണർ | കെട്ടിട നമ്പർ | ലൈസൻസ് അപേക്ഷാ ഫോറത്തിൽ കെട്ടിട ഉടമ സാക്ഷ്യപ്പെടുത്തിയ തൊഴിലാളികളുടെ എണ്ണം/2018-19 തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള വിവരം |
|---|---|---|---|---|
| 1 | 51 | കരിങ്കൽ ക്വോറി, ഹമീദ്, ചെറുവേരി | വാർഡ് -10 | രേഖപ്പെടുത്തിയിട്ടില്ല |
| 2 | 52 | സ്റ്റോൺ ക്രഷർ യൂണിറ്റ്, ഹമീദ്, ചെറുവേരി | 10/222 | 16 |
| 3 | 64 | കരിങ്കൽ ക്വോറി, സൈമൽ.എം ആന്റോ | രേഖപ്പടുത്തിയിട്ടില്ല | 12 |
| 4 | 97 | ശ്രീ ഗ്യാസ് ഏജൻസി, ദീപ്തി പി | 5/421 | 2 (2nd Half അടച്ചിട്ടില്ല) |
| 5 | 151 | സൂര്യ സിൽക്ക്സ്, സാംസൺ ജോർജ്, മണിമല | 14/11A,B,C | 13 (2nd Half അടച്ചിട്ടില്ല) |
| 6 | ലൈസൻസ് പുതുക്കിയിട്ടില്ല | അക്ഷയ സെന്റർ | ലഭ്യമല്ല | ലഭ്യമല്ല |
| 7 | ലൈസൻസ് എടുത്തിട്ടില്ല | മരുതോങ്കര കള്ള് ഷാപ്പ് | ലഭ്യമല്ല | 8 (2018-19ൽ 8പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി) |
| 8 | ലൈസൻസ് എടുത്തിട്ടില്ല | വെണ്ണാത്തിച്ചിറ കള്ള് ഷാപ്പ് | ലഭ്യമല്ല | 7 (2018-19ൽ 7 പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി) |

| | | | | |
|---|---|---|---|---|
| 9 | ലൈസൻസ് എടുത്തിട്ടില്ല | മുള്ളൻകുന്ന് കള്ള് ഷാപ്പ് | ലഭ്യമല്ല | 10 (2018-19ൽ 7 പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി) |
| 10 | ലൈസൻസ് എടുത്തിട്ടില്ല | അക്ഷയ സെന്റർ , മുള്ളൻകുന്ന് (പഞ്ചായത്ത് ഓഫീസിന് സമീപം) | ലഭ്യമല്ല | ലഭ്യമല്ല |
| 11 | ലൈസൻസ് എടുത്തിട്ടില്ല | റേഷൻ കടകൾ | ലഭ്യമല്ല | ലഭ്യമല്ല |

മേൽ പരാമർശിച്ച സ്ഥാപനങ്ങളുടെ ലൈസൻസ് അപേക്ഷ പ്രകാരവും 2018-19 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരവും തൊഴിൽനികുതി അടയ്ക്കാൻ ബാധ്യസ്ഥരായ പട്ടികയിലെ മുഴുവനാളുകളിൽ നിന്നും തൊഴിൽനികുതി ഈടാക്കുന്നതിൽ പഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. സ്ഥാപന ഉടമ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന ജീവനക്കാരുടെ എണ്ണം ലൈസൻസ് അപേക്ഷയിൽ സ്വയം സാക്ഷ്യപ്പെടുത്തി നൽകിയിട്ടും ഈ ജീവനക്കാരെ തൊഴിൽ നികുതി ഡിമാന്റിൽ കൊണ്ടുവരികയോ സ്ഥാപന ഉടമയ്ക്ക് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. 2018-19 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രാകരം തൊഴിൽ നികുതി അടവാക്കിവരുന്ന പട്ടികയിൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരെ 2019-20തൊഴിൽ നകുതി ഡിമാന്റിൽ കൊണ്ടുവരികയോ തൊഴിൽ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്തിലെ റേഷൻ ഷാപ്പുകൾ, കള്ള് ഷാപ്പുകൾ എന്നിവയെയും അതിലെ ജീവനക്കാരെയും പഞ്ചായത്ത് ലൈസൻസ്/ തൊഴിൽ നികുതി പരിധിയിൽ നാളിതുവരെ കൊണ്ടുവന്നിട്ടില്ല. കൂടാതെ പഞ്ചായത്തിലെ മരാമത്ത് പ്രവർത്തികൾ ചെയ്ത കരാറുകാർ, എം.ജി.എൻ.ആർ.ഇ.ജി.എ സപ്ലയേഴ്സ്/ കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല.

നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളും ജീവനക്കാരെയും വ്യക്തികളെയും തൊഴിൽ നികുതി പരിധിയിൽ ഉൾപ്പെടുത്തുന്നതിനായി ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്തിന്റെ ലഭ്യമായ പരിമിതമായ വരുമാന സ്രോതസ്സുകൾ പോലും മുഴുവനായി ഡിമാന്റ് ചെയ്ത് പിരിച്ചെടുക്കുന്നതിൽ വീഴ്ച വരാതിരിക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കൃത്യമായി പരിശോധന നടത്തി അപാകത ആവർത്തിക്കാതിരിക്കാൻ വേണ്ട കർശന നിർദ്ദേശം നൽകേണ്ടതുമാണ്.

## 1-13 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയതിൻപ്രകാരം തുടർ നടപടികൾ സ്വീകരിച്ചില്ല

പഞ്ചായത്തിൽ 282 കെട്ടിടങ്ങളിലായി ആകെ 226 സ്ഥാപനങ്ങൾക്കാണ് ഡി &ഒ ലൈസൻസുകളാണ് നൽകിയിരിക്കുന്നത്. ട്രേഡേഴ്സ്/ഇൻസ്റ്റിറ്റ്യൂഷൻ പ്രൊഫഷൻ ടാക്സ് രജിസ്റ്റർ പ്രകാരം 2019-20 വർഷം 212 സ്ഥാപനങ്ങളിൽ നിന്നായി 141940/- രൂപ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. സഞ്ചയ പ്രകാരം 1189 വാണിജ്യ/വ്യവസായ കെട്ടിടങ്ങൾ പഞ്ചായത്തിലുള്ളതായി ഓഡിറ്റ് എൻക്വയറി (01/19 തീയതി 18-12-19) യ്ക്ക് മറുപടി നൽകിയിട്ടുണ്ട്. 2019-20 വർഷം വേക്കൻസി റമിഷൻ ഒരു കെട്ടിടത്തിനും നൽകിയിട്ടില്ല. അതായത് 907 കെട്ടിടങ്ങളിൽ ലൈസൻസ് ഇല്ലാതെ

സ്ഥാപനങ്ങൾ പ്രവർത്തിക്കുവാനുള്ള സാധ്യത നിലനിൽക്കുന്നു. ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ പകുതിയിലധികം വാണിജ്യ കെട്ടിടങ്ങൾ ഫീൽഡ് പരിശോധനയിൽ വേക്കന്റ് ആണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇതിൽ ലൈസൻസ് ഇല്ലാത്ത കുറെ കെട്ടിടങ്ങൾക്ക് ലൈസൻസ് എടുക്കുന്നതിനായി നോട്ടീസ് നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. കുറെ സ്ഥാപനങ്ങൾ ലൈസൻസിന് അപേക്ഷിക്കാത്തവയായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇവയ്ക്ക് നോട്ടീസ് നൽകിയതായി രേഖപ്പെടുത്തിയിട്ടില്ല. നോട്ടീസ് നൽകിയവയും ലൈസൻസിനായി അപേക്ഷിക്കാത്തവയും പിന്നീട് ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റിൽ വ്യക്തമാക്കിയിട്ടില്ല. ഈ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തോ എന്നും ഈ സ്ഥാപനങ്ങളിലെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കേണ്ടതും ലൈസൻസ് എടുപ്പിക്കാതെ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും പഞ്ചായത്ത് ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവനാളുകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-14 ചലഞ്ച് ഫണ്ട് അനുവദിച്ചതിലെ അപാകതമൂലം-ഭക്ഷണവിതരണംപോലും നടക്കാതെ അഗതിരഹിത കേരളം(ജനറൽ)-പ്രൊജക്ട്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിന് കുടുബശ്രീ മുഖേന നടപ്പിലാക്കുന്ന ഏകീകൃത പദ്ധതിയാണ് അഗതിരഹിത കേരളം. മരുതോങ്കര പഞ്ചായത്ത് ഉൾപ്പടെ കോഴിക്കോട് ജില്ലയിലെ 54 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അഗതിരഹിത കേരളം പദ്ധതിക്ക് കുടംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ഉത്തരവ് നമ്പർ KS/L/513/19dt 9.3.19 പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ഡി.പി.ആർ പ്രകാരം 162 കുടുബങ്ങളാണ് അഗതി രഹിത കേരളം പ്രൊജക്ടിൽ ഉൾപ്പെട്ടതെങ്കിലും സർക്കാർ ഉത്തരവ് പ്രകാരം അംഗീകാരം നൽകിയ പദ്ധതിയിൽ 166 കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ ജനറൽ വിഭാഗത്തിൽ 131 പേരും, എസ്.ടി. വിഭാഗത്തിലുള്ള 35 പേർക്കും പ്രത്യേകമായാണ് പ്രൊജക്ട് തയ്യാറാക്കിയിരിക്കുന്നത്. മേൽ ഉത്തരവ് പ്രകാരം പ്രൊജക്ടിന്റെ മൊത്തം അടങ്കൽ 14916800 രൂപയും ആയതിന് ചലഞ്ച് ഫണ്ടിനത്തിൽ 3857600 രൂപയും വകയിരുത്തിയിട്ടുണ്ട്. ചലഞ്ച് ഫണ്ട് ആദ്യഗഡുവായി ലഭിക്കേണ്ട 1250638 രൂപയിൽ പഴയ ആശ്രയ ഫണ്ട് (ജനറലിൽ) അവശേഷിക്കുന്ന 360063 രൂപയും ആശ്രയ ST ഫണ്ട് ബാലൻസ് 890575 രൂപയും ഉൾപ്പെടെ 1250638 രൂപകഴിച്ച് 35229 രൂപയാണ് ആദ്യഗഡുവായി ലഭിച്ചിരിക്കുന്നത്. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ മേൽ നടപടി ക്രമത്തിൽ ആശ്രയ ഫണ്ടിൽ അവശേഷിക്കുന്ന 1250638 രൂപയും ആശ്രയ S.T പ്രൊജക്ടിലേത് ഉൾപ്പെടെ ജനറൽ പ്രൊജക്ടിലെ ബാലൻസായി ഉൾപ്പെടുത്തുകയും ചെയ്തു. ആയതിനാൽ 35229 രൂപ മാത്രമെ അഗതി രഹിത കേരളം ജനറൽ പ്രൊജക്ടിൽ ലഭ്യമായിട്ടുള്ളൂ. ST ഫണ്ട് ബാലൻസ് 890575 രൂപ കൂടി ജനറൽ പ്രൊജക്ടിൽ കണക്കാക്കിയതിനാൽ അഗതി രഹിതകേരളം S.T പ്രൊജക്ടിനായി ചലഞ്ച് ഫണ്ടിനത്തിൽ 410000 രൂപ പിന്നീടും ലഭ്യമായിട്ടുണ്ട്. അങ്ങനെ അഗതി രഹിത കേരളം ജനറൽ പ്രൊജക്ടിനായി ആകെ കേവലം 395292 (360063+35229) രൂപ ലഭ്യമായപ്പോൾ അഗതി രഹിതകേരളം S.T പ്രൊജക്ടിനായി ആശ്രയ മുന്നിരിപ്പുൾപ്പെടെ 1300575 രൂപ (890575+41000) ലഭിച്ചിട്ടുണ്ട്. അപാകത ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടും രണ്ടാംഘട്ട ചലഞ്ച് ഫണ്ടിനായും കുടുംബശ്രീ ജില്ലാമിഷന് 2 തവണ കത്ത് നൽകിയെങ്കിലും അപാകത പരിഹരിക്കപ്പെടുകയോ ഫണ്ട് അനുവദിച്ചു നൽകുകയോ ചെയ്തു കാണുന്നില്ല. ആയതിനാൽ അഗതി രഹിത കേരളം (ജനറൽ) ഗുണഭോക്താക്കൾക്ക് ചലഞ്ച് ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കേണ്ട ഭക്ഷണ വിതരണം 2020 ആഗസ്റ്റ് മാസം മുതൽ തടസ്സപ്പെട്ടിരിക്കയാണ്. അതേ സമയം S.Tപ്രൊജക്ടിൽ ആവശ്യത്തിൽ കൂടിയ ഫണ്ട് അവശേഷിക്കുകയും ചെയ്യുന്നു.

പ്രൊജക്ട് അംഗീകാരം ലഭിച്ച് 3 വർഷത്തിനകം പൂർത്തീകരിക്കാൻ ലക്ഷ്യംവെച്ച സേവനപരിചരണ പാക്കേജുകൾ അംഗീകാരം ലഭിച്ച് 3 വർഷം കഴിഞ്ഞിട്ടും ഭക്ഷണവിതരണം ഉൾപ്പടെ പ്രധാന

പ്രവർത്തനങ്ങളൊന്നും തന്നെനടപ്പിലാക്കിയിട്ടില്ല. സമൂഹത്തിലെ ഏറ്റവും അർഹതപ്പെട്ട അഗതി കുടുംബങ്ങൾക്ക് കിടപ്പാടം, ഭവനം, കുടിവെള്ളം, കക്കൂസ് മുതലായവ ലഭ്യമാക്കുന്നതിന് പഞ്ചായത്ത് കാര്യമായ നടപടികളൊന്നും കൈകൊണ്ടു കാണുന്നില്ല. ഭവനനിർമ്മാണം ആവശ്യമുള്ള 20(19+1) കുടുംബങ്ങൾ പദ്ധതിയിൽ ഉണ്ടെങ്കിലും ആയതിൽ എത്രപേർക്ക് ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിന് സഹായം അനുവദിച്ചു എന്നവിവരം ലഭ്യമായിട്ടില്ല. അതേ പോലെതന്നെ ഭവന പുനരുദ്ധാരണ ആവശ്യമുള്ള 21 (15+6) പേരും ടോയിലറ്റ് ആവശ്യമുള്ള 13 പേരും അഗതി രഹിതം കേരളം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും ആയത് എത്രപേർക്ക് ആനുകൂല്യം ലഭ്യമായി എന്നകാര്യവും പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടില്ല. സ.ഉ.എം.എസ്.126/18 ത.സ്വ.ഭ.വ.തി 14.9.18 പ്രകാരം ഭവനരഹിതരും വീട് നിർമ്മിക്കാൻ ആവശ്യത്തിന് സ്ഥലമുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങളെയും ലൈഫ് പദ്ധതി ആനുകൂല്യം നൽകുമ്പോൾ പ്രഥമപരിഗണന നൽകണമെന്ന നിർദ്ദേശം പഞ്ചായത്ത് പാലിച്ചതായി കാണുന്നില്ല.

അഗതിരഹിതകേരളം പ്രൊജക്ടുമായി ബന്ധപ്പെട്ട് ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട മറ്റ് അപാകതകൾ താഴെ ക്കൊടുക്കുന്നു.

1. അഗതിരഹിത കേരളം പദ്ധതിക്കായി സി.ഡി.എസ്.ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നവരുടെ പേരിൽ ദേശസാൽകൃത ബാങ്കിൽ പുതിയ എകൗണ്ട് ആരംഭിക്കാൻ നിഷ്കർഷിക്കുന്നുണ്ടെങ്കിലും കുടുബശ്രീയുടെ പഴയ ആശ്രയ എകൗണ്ടാണ് അഗതിരഹിത കേരളം പ്രൊജക്ടിനായി ഉപയോഗിക്കുന്നത്.
2. അഗതി കേരളം പദ്ധതിയുടെ ഫണ്ടുകളിൽ 10% ജില്ലാ പഞ്ചായത്ത്, 15% ബ്ലോക്ക് പഞ്ചായത്ത് എന്നിവ വകയിരുത്തേണ്ടതാണെങ്കിലും പദ്ധതിക്ക് നാളിതുവരെ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾ തുകയൊന്നും വകയിരുത്തി കാണുന്നില്ല.
3. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും വിലയിരുത്തൽ സമിതി പദ്ധതി നിർവഹണം ആരംഭിക്കുന്നതിന് മുമ്പായി കൂടേണ്ടതാണ്. കൂടാതെ പദ്ധതി ആരംഭിച്ച് ഓരോമാസവും 10ാം തിയ്യതിക്ക് മുമ്പായി സമിതി യോഗം ചേർന്ന് പദ്ധതി അവലോകനം നടത്തി മിനുട്സിന്റെ പകർപ്പ് ജില്ലാ മിഷൻ കോർഡിനേറ്റർക്ക് അയച്ചു നൽകേണ്ടതാണെങ്കിലും വിലയിരുത്തൽ സമിതി വർഷത്തിലൊരിക്കൽ മാത്രമാണ് യോഗം ചേർന്നിരിക്കുന്നത്.
4. അഗതിരഹിതകേരളം പദ്ധതിയുടെ പ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിക്കാൻ നിഷ്കർഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിൽ അത്തരമൊരു ഉപസമിതി രൂപീകരിച്ചതായി കാണുന്നില്ല.

അപാകതകൾ പരിഹരിക്കുന്നതിന് കൈകൊണ്ടുവരുന്ന നടപടികൾ അറിയിക്കേണ്ടതാണ്.

## 1-15 വിവിധ വാർഡുകളിലെ കുടിവെള്ള വിതരണം-പ്രൊജക്ട് നടത്തിപ്പിലെ അപാകതകൾ

പ്രൊജക്ട് നമ്പർ- 193/19-20

വകയിരുത്തിയ തുക- 350000

ചെലവുതുക- 324225( Order No 256/31.3.20)

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 2.3.2019 ലെ സ.ഉ.സാധാ.നമ്പർ 500/2019 നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരുടെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വർഷത്തിൽ 350000 രൂപ തനത് ഫണ്ടിൽ നിന്നും കുടിവെള്ള വിതരണത്തിനായി വകയിരുത്തുകയും ടെണ്ടർ നടപടികളിലൂടെ ഷിബു.കെ കൊറ്റോത്ത് മീത്തൽ എന്നആൾ 5000 ലിറ്റർ കപാസി റ്റിയുള്ള ടാങ്കിൽ ലിറ്ററിന് 50 പൈസ

നിരക്കിൽ കുടിവെള്ള വിതരണം ഏറ്റെടുക്കുകയും കുടിവെള്ള ക്ഷാമം രൂക്ഷമായ വാർഡുകളായ 6,7,4,5,12 എന്നിവിടങ്ങളിൽ 5.4.19 മുതൽ 6-6.19വരെ കുടിവെള്ളം വിതരണംനടത്തുകയും ചെയ്തിട്ടുണ്ട്. മേൽ തിയ്യതികളി ലായി K.L.59.E-4941 നമ്പർ വാഹനത്തിൽ 655000 ലിറ്റർ വെള്ളം വിവിധഭാഗങ്ങളിൽ വിതരണം ചെയ്തതിന് ലിറ്ററിന് 50 പൈസ നിരക്കിൽ 327500 രൂപയിൽ 3275 രൂപ ആദായനികിതി കുറവുചെയ്ത് 324225 കരാറുകാരന് നൽകിയിട്ടുണ്ട്. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ പറയുന്നു.

1. കരാറുകാരന് കുടിവെള്ള വിതരണത്തിനുള്ള ചുമതല ഏൽപിച്ച് നൽകുന്നതിന് മുമ്പ് നിയമാനുസൃതം കരാറിലേർപ്പെട്ട് കാണുന്നില്ല.
2. കുടിവെള്ളത്തിന്റെ ഗുണനിലവാര പരിശോധനാ സാക്ഷ്യപത്രം, ഭക്ഷ്യസുരക്ഷാവകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവ ഹാജരാക്കാൻ നിഷ്കർഷിച്ചിരുന്നെങ്കിലും ആയതു ലഭ്യമാക്കി കാണുന്നില്ല.
3. കുടിവെള്ള വിതരണത്തിന് അനുമതി നൽകികൊണ്ടുള്ള സർക്കാർ ഉത്തരവിൽ G.P.S.ഘടിപ്പിച്ച് ടാങ്കറുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനും ജി.പി.എസ്. ലോഗിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് വാഹനം ഓടിയ കിലോമീറ്റർ അടിസ്ഥാനമാക്കി തുക അനുവദിക്കുന്നതിനുമാണ് നിഷ്കർഷിച്ചിരിക്കുന്നത്. ആയതിന് വിരുദ്ധമായി കുടിവെള്ളം ലിറ്ററിന് കണക്കാക്കിയാണ് കരാറുകാരൻ തുക ക്വാട്ട് ചെയ്തതും അനുവദിച്ചിരിക്കുന്നതും. ജി.പി.എസ്. ലോഗ് ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഒരുഘട്ടത്തിലും ആയത് പരിശോധനക്ക് വിധേയമാക്കിയിട്ടില്ല.
4. വാഹനത്തിന്റെ ഡ്രൈവർ ഓരോ ട്രിപ്പിനും ട്രിപ്പ് ഷീറ്റ് വാഹനത്തിൽ സൂക്ഷിക്കേണ്ടതും, അതേ ദിവസംതന്നെ വാർഡ് മെമ്പർ, കുടുംബശ്രീ എ.ഡി.എസ് പ്രസിഡണ്ട്, പഞ്ചായത്ത് ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ എന്നിവർ സാക്ഷ്യപ്പെടുത്തി പഞ്ചായത്തി ൽ ഏൽപിക്കേണ്ടതുമാണ്. എന്നാൽ വാഹനത്തിന്റെ ഡ്രൈവർ ലഭ്യമാക്കിയ ട്രിപ്പ് ഷീറ്റ് ഫയലിൽ ലഭ്യമല്ല.
5. കരാറുകാരനിൽ നിന്നും ആദായനികുതി ഇനത്തിൽ ഈടാക്കിയ 3275 രൂപ ആദായനികിതി വകുപ്പിൽ അടവാക്കിയതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അപാകതകൾക്ക് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ സംഭവിക്കാനുള്ള സാഹചര്യം വ്യക്തമാക്കി മറുപടി സമർപ്പിക്കേണ്ടതാണ്.

### 1-16 ജലനിധി പദ്ധതികളുടെ പുനരുദ്ധാരണത്തിന് വിഹിതം നൽകൽ- അടവാക്കിയ പഞ്ചായത്ത് വിഹിതത്തിന്റെ വിനിയോഗ വിവരം ലഭ്യമല്ലാത്തതും മറ്റ് അപാകതകളും

പ്രൊജക്ട് നമ്പർ - 121/20

വകയിരുത്തിയ തുക - 310000

ചെലവുതുക - 173925 (Order No 223/23.3.2020)

നിർവഹണം - സെക്രട്ടറി

ഗ്രാമപഞ്ചായത്തിൽ മുൻ കാലങ്ങളിൽ നടപ്പിലാക്കിയ ജലനിധി പദ്ധതികളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് വിഹിതം നൽകുന്നതിനുള്ള മേൽ പ്രൊജക്ട് പ്രകാരം 173925 രൂപ ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ പിൻവലിച്ച് ജലനിധി പദ്ധതികൾക്കായുള്ള പഞ്ചായത്ത് ലെവൽ ആക്ടിവിറ്റി കമ്മറ്റിയുടെ എകൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ബംഗ്ലാംകുന്ന്, ചപ്പാരത്തു നട, നാട്ടുകാണി എന്നീ കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണ പ്രവൃത്തികൾക്കാവശ്യമായ തുകയുടെ പഞ്ചായത്ത് വിഹിതമാണ് കൈമാറിയിട്ടുള്ളത്. തുക ബാങ്ക് എകൗണ്ടിലേക്ക് കൈമാറിയ രേഖകളല്ലാതെ കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനായി സാങ്കേതികാനുമതി ലഭ്യമായ എസ്റ്റിമേറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല പഞ്ചായത്ത് വിഹിതം ഉൾപ്പെടെ വിനിയോഗിച്ച്

കുടിവെള്ള പദ്ധതികൾ പുനരുദ്ധരിച്ചതിന്റെ വിവരം, കൈമാറിയ 173925 രൂപയുടെ വിനിയോഗ വിവരം എന്നിവയും പരിശോധക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവുതുക 173925 രൂപ തടസ്സത്തിൽ വെക്കുന്നു.

1-17 ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ അധിക തുക കരാറുകാരന് നൽകി

നിർവഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 174/20

പ്രൊജക്ട് : തയ്യിൽ കുന്ന് കുളം സംരക്ഷണഭിത്തി

ബിൽ നമ്പർ : 11/30-09-2019

തുക : 381,790/-

മേൽ പ്രൊജക്ടിൽ കരാറുകാരനായ ജോസഫ് വി ജെ 10.1% കുറഞ്ഞ നിരക്കിലാണ് പ്രവ്യത്തി ഏറ്റെടുത്തത്. ആകെ പ്രവ്യത്തി മൂല്യമായ 398,113 നിന്നും ക്വോട്ട് ചെയ്ത 10.1% കുറഞ്ഞ നിരക്കായ 40,209 കുറച്ച തുകയായ 357,904/-രൂപയാണ് കരാറുകാരന് നൽകേണ്ടിയിരുന്നത്. എന്നാൽ ആകെ പ്രവർത്തി മൂല്യത്തിൽ നിന്നും 16,323/-(4.1%)രൂപ മാത്രം കുറവ് വരുത്തി 381,790/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. പ്രവ്യത്തി മൂല്യത്തിൽ നിന്നും കരാറുകാരൻ ക്വോട്ട് ചെയ്ത10.1% കുറഞ്ഞ നിരക്കിൽ കുറവു വരുത്താത്തതിനാൽ 23,886/-രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്(381,790 – 357,904). 23,886/-രൂപ കരാറുകാരന് അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറി /2019-20 ന് മറുപടി നൽകിയിട്ടില്ല. പ്രവ്യത്തി മൂല്യത്തിൽ നിന്നും കരാറുകാരൻ ക്വോട്ട് ചെയ്ത 10.1% (40,209/-രൂപ) കുറഞ്ഞ നിരക്കിന് പകരം 4.1% (16,323/-രൂപ) മാത്രം കുറവു വരുത്തിയതിനാൽ 23,886/-രൂപ കരാറുകാരന് അധികം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

1-18 പാർട്ട് ബില്ലിൽ നിന്നും റിടെൻഷൻ തുക ഈടാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 134/20

പ്രൊജക്ട് : ഗവ.സ്കൂൾ പെയിന്റിംഗ്

എസ്റ്റിമേറ്റ് : 300,000/-

ബിൽ നമ്പർ : 1/11-06-2019

തുക : 143165/-

മേൽ പ്രൊജക്ടിന്റെ പാർട്ട് ബിൽ ആയാണ് മേൽ ബിൽ പ്രകാരമുള്ള 143165/-രൂപ കരാറുകാരൻ ഷിജു.പിയ്ക്ക് നൽകിയിരിക്കുന്നത്. സ.ഉ (അ) നം. 429/ 15/ ധന. തിയ്യതി. 28-09-2015 പ്രകാരം ഒരു പ്രവ്യത്തിയുടെ പാർട്ട് ബിൽ നൽകുമ്പോൾ തുകയുടെ 2.5% വരുന്ന തുക റിടെഷൻ പിടിച്ച് പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റായി സൂക്ഷിക്കേണ്ടതാണ്. മേൽ ബിൽ പ്രകാരമുള്ള 143165/-രൂപയുടെ 2.5% ആയ 3579/-രൂപ ഇവിടെ റിടെഷൻ പിടിക്കേണ്ടതായിരുന്നെങ്കിലും അങ്ങിനെ ചെയ്തിട്ടില്ല. 3579/-രൂപ റിടെഷൻ പിടിച്ച് പെർഫോമൻസ് സെക്യൂരിറ്റി ഡെപ്പോസിറ്റായി സൂക്ഷിക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറി /2019-20 ന് മറുപടി നൽകിയിട്ടില്ല. തൻവർഷം ഇതേ പ്രവ്യത്തിക്കായി (ഗവ.സ്കൂൾ പെയിന്റിംഗ് ) 110/20 നമ്പർ പ്രൊജക്ട് തയ്യാറാക്കി 150,000/-രൂപ വകയിരുത്തിയിട്ടുണ്ടെങ്കിലും ആ പ്രൊജക്ടിലും ചെലവൊന്നും ഇല്ല. മേൽ അപാകതയക്ക് വിശദീകരണം നൽകേണ്ടതാണ്.

1-19 കരാറുവെക്കാൻ താമസിച്ചതിനു കരാറുകാരിൽ നിന്നും പിഴ ഈടാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

കേരള പൊതു മരാമത്ത് മാന്വൽ ജി.ഒ(പി)13/2012 പൊ.മ.വ തിയ്യതി.01-02-2012 സെക്ഷൻ 2006.6 പ്രകാരം സെലക്ഷൻ നോട്ടീസ് അയച്ച് 14ദിവസത്തിനകം കരാർ വെച്ചിട്ടില്ലെങ്കിൽ പിന്നീട് കരാർ ചമയ്ക്കുമ്പോൾ പി എ സിയുടെ 1% പിഴ ഈടാക്കണം (മിനിമം 1000/-മാക്സിമം25,000/-രൂപയുമാണ്). 2019-20 വർഷത്തിൽ പഞ്ചായത്തിലെ പല പൊതു മരാമത്ത് പ്രവൃത്തികളിലും സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസം കഴിഞ്ഞ് കരാർ വെക്കുന്ന കേസുകളിൽ 1% പിഴ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ.

| | പ്രവർത്തി | ബിൽ നമ്പർ,തുക | സെലക്ഷൻ നോട്ടീസ് തിയ്യതി | കരാർ തിയ്യതി | പി എ സി | ഈടാക്കേണ്ട പിഴ(1%) |
|---|---|---|---|---|---|---|
| 1 | കക്കുടാരം ബാലവാടി റോഡ് റീടാറിംഗ് (157/20) | 7/16-9-19, 172,046/- | 08-10-2018 | 12-12-2018 | 199,301 | 1993 |
| 2 | നെല്ലിക്കുന്നു വെണ്ടേക്കപ്പൊയിൽ റോഡ് റീടാറിംഗ് (160/20) | 6/30-9-19, 490,000/- | 08-10-2018 | 12-12-2018 | 490,000 | 4900 |
| 3 | പഞ്ചായത്ത് ഓഫീസ് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ(145/20) | 23/6-11-19, 160,000/- | 12-10-2018 | 31-10-2018 | 200,000 | 2000 |
| 4 | ഒറവ് കണ്ട് ചരപ്പറമ്പ് റോഡ് റീടാറിംഗ് (163/20) | 15/30-9-19, 270,000/- | 02-08-2018 | 21-08-2018 | 270,000 | 2700 |
| 5 | എച്ചിലോട്ട് ചിന്നവേലി റോഡ് റീടാറിംഗ് (164/20) | 17/28-9-19, 460,034/- | 24-07-2018 | 21-08-2018 | 490,000 | 4900 |
| | | | | | | 16,493 |

സെലക്ഷൻ നോട്ടീസ് അയച്ച് 14ദിവസം കഴിഞ്ഞ് കരാർ വെക്കുന്ന കേസുകളിൽ 1%പിഴ ഈടാക്കാതിരുന്നതിനാൽ പഞ്ചായത്തിന് 16,493/-രൂപ നഷ്ടം സംഭവിച്ചിട്ടുണ്ട്. സെലക്ഷൻ നോട്ടീസ് അയച്ച് 14 ദിവസം കഴിഞ്ഞ് കരാർ വെക്കുന്ന കേസുകളിൽ 1% പിഴ ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറി /2019-20 ന് മറുപടി നൽകിയിട്ടില്ല. മേൽ അപാകതയക്ക് വിശദീകരണം നൽകേണ്ടതാണ്.

1-20 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ തനതുഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ 2019-20 സംക്ഷിപ്തം പ്രകാരം 8,55,410/- രൂപ ഡെപ്പോസിറ്റുള്ളതായി

കാണുന്നു.

വിവിധ അക്കൌണ്ടുകളിലായി 2013-14 കാലയളവ് മുതലുള്ള പല വിധത്തിലുള്ള ഡെപ്പോസിറ്റുകളും ഇപ്പോഴും ആവശ്യമുന്നയിക്കാതെ ഡെപ്പോസിറ്റുകളായി തന്നെ തുടരുന്നുണ്ട്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 281, 282 പ്രകാരം കാലാവധി കഴിഞ്ഞതിൽ നിലനിൽത്തേണ്ടവയൊഴികെയുള്ള ഡെപ്പോസിറ്റുകൾ മുതൽ കൂട്ടാതിരിക്കാനുള്ള കാരണം അറിയിക്കേണ്ടതാണ്.

1-21 മുൻകൂറുകൾ ക്രമീകരിക്കാതെ അവശേഷിക്കുന്നു

മരുതോങ്കര ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ മുൻകൂർ രജിസ്റ്റർ സംക്ഷിപ്തം പ്രകാരം മുൻകാലങ്ങളിലെ പല മുൻകൂറുകളും ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു.

| വർഷം | ആർക്ക് നൽകി | ആവശ്യം | തുക |
|---|---|---|---|
| 2015-16 മുതൽ 2017-18 വരെ | ഷൈജുകുമാർ, സാക്ഷരതാ പ്രേരക് | ഹോണറേറിയം | 74,819 |
| 2015-16<br>18.11.2015 | സെക്രട്ടറി | ടി.എ അഡ്വാൻസ് | 1,000 |

മുൻകൂർ ക്രമീകരിച്ചിട്ടുണ്ടെങ്കിൽ, ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതും, ക്രമീകരിച്ചിട്ടില്ലെങ്കിൽ ആയതിന് വിശദീകരണം നൽകേണ്ടതുമാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറിക്ക് (നം.13/19-20, തീ-26.03.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ക്രമീകരിച്ചിട്ടില്ലെങ്കിൽ ക്രമീകരിക്കുകയോ, പിഴ സഹിതം തിരിച്ച് പിടിക്കുകയോ ചെയ്യേണ്ടതാണ്.

1-22 ആവശ്യത്തിന് പുസ്തകങ്ങളില്ലാതെ പഞ്ചായത്ത് ലൈബ്രറി

ഗ്രാമപഞ്ചായത്തിലെ മരുതോങ്കരയിൽ 2018 ആഗസ്റ്റ് മാസത്തിൽ പ്രവർത്തനമാരംഭിച്ച പഞ്ചായത്ത് ലൈബ്രറി പഞ്ചായത്ത് സാസ്കാരിക നിലയത്തിനോടനുബന്ധമായുള്ള മുറിയിലാണ് പ്രവർത്തിച്ചുവരുന്നത്. 110 ഓളം മെമ്പർമാരുള്ള ലൈബ്രറിയിൽ ആവശ്യത്തിന് പുസ്തകങ്ങളില്ലാത്തത് ലൈബ്രറി പ്രവർത്തനത്തിന് തടസ്സമാവുന്നുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ലൈബ്രറിയുടെ ആരംഭ സമയത്ത് വാങ്ങിയ 461 പുസ്തകങ്ങളാണ് ലൈബ്രറിയിൽ ഉള്ളത്. ആയതിന് ശേഷം ലൈബ്രറിക്കാവശ്യമായ പുസ്തകങ്ങൾ വാങ്ങുന്നതിൽ പഞ്ചായത്ത് ശ്രദ്ധചെലുത്തി കാണുന്നില്ല. 2019-20 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിലെ വിവിധ വായനശാലകൾക്കായി 50000 രൂപയുടെ പുസ്തകങ്ങൾ വാങ്ങിയതിൽ സർവവിജ്ഞാന കോശത്തിന്റെ 14വാല്യങ്ങൾ ലൈബ്രറിക്കും ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രത്യേകിച്ച് വിദ്യാർത്ഥികൾക്ക് വളരെ അധികം പ്രയോജനപ്പെടുത്താവുന്ന ലൈബ്രറി ആവശ്യത്തിന് പുസ്തകങ്ങൾ ലഭ്യമാക്കാതെ പൊതുജനങ്ങൾക്കും, വിദ്യാർത്ഥികൾക്കും ഉപകാരപ്രദമാവാതെ പോകുന്ന അവസ്ഥ ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതോടൊപ്പം ലൈബ്രറിക്കാവശ്യമായ പുസ്തകങ്ങൾ ലഭ്യമാക്കി പഞ്ചായത്ത് ലൈബ്രറിയെ മാതൃകാസ്ഥാപനമായി ഉയർത്താൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-23 എസ്.എസ്.എ. വിഹിതം അടവാക്കൽ- പ്രൊജക്റ്റ് വിശദാംശം തയ്യാറാക്കുന്നതിന് പഞ്ചായത്ത് പങ്ക് വഹിച്ചില്ല

പ്രൊജക്ട് നമ്പർ- 99/20

വകയിരുത്തിയ തുക- 500000

ചെലവുതുക- 50000 (ബിൽ നമ്പർ-1/19-20 തി 22.10.19)

നിർവഹണം - ഹെഡ് മാസ്റ്റർ

മേൽ പ്രൊജക്ടു പ്രകാരം വികസനഫണ്ടിൽ നിന്നും 500000 രൂപ പിൻവലിച്ച് എസ്.എസ്.എ.വിഹിതം ഇനത്തിൽ ജില്ലാ പ്രൊജക്ട് ഓഫീസർ എസ്.എസ്.കെ കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. 5ലക്ഷം രൂപ അടവാക്കിയതല്ലാതെ എസ്.എസ്.കെ മുഖേനയുള്ള പ്രവർത്തനങ്ങൾക്കായി എത്ര രൂപ സാമ്പത്തിക വർഷത്തിൽ മരുതോങ്കര ഗ്രാമപഞ്ചായത്തിന് ആവശ്യമുണ്ടെന്നതിന്റെ വിശദാംശമോ ആയതിന്റെ 40% തുകയായി ഗ്രാമപഞ്ചായത്ത് എത്രതുക അടവാക്കേണ്ടതുണ്ടെന്നതിന്റെ വിശദാംശമോ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും ലഭ്യമായിട്ടില്ല. സ.ഉ നമ്പർ 11/18 തി 29.1.18 ഖണ്ഡിക 7.6.(4) പ്രകാരം ഗ്രാമപഞ്ചായത്തുകളും, ജില്ലാപഞ്ചായത്തുകളും ഗവൺമെന്റ് നിശ്ചയിക്കുന്ന തുക എസ്.എസ്.കെ പ്രൊജക്ടുകൾക്ക് വകയിരുത്തേണ്ടതും പ്രൊജക്ടിന്റെ വിശദാംശങ്ങൾ തയ്യാറാക്കുമ്പോൾ തദ്ദേശ സ്വയംഭരണസ്ഥാപനം മുഖ്യപങ്ക് വഹിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരം തുക അടവാക്കുകയോ, എസ്.എസ്.കെ പ്രൊജക്ട് രൂപീകരണത്തിൽ പഞ്ചായത്ത് പങ്ക് വഹിക്കുകയോ ചെയ്തതായി കാണുന്നില്ല. എസ്.എസ്.കെ പ്രോജക്ടിന് അർഹമായ വിഹിതം ലഭിക്കാത്തതിനാൽ പാഠപുസ്തകങ്ങൾ, യൂണിഫോം എന്നിവയുടെ തുക നൽകാൻ കഴിയാത്ത അവസ്ഥ സംജാതമാകാൻ സാധ്യതയുണ്ട്. എന്നാൽ പഞ്ചായത്ത് ആയത് പരിഗണിച്ച് കാണുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം ഒരു ഹയർ സെക്കന്ററി സ്കൂളിന് പുറമെ 2 യു.പി.സ്കൂളുകൾ, 5എൽ.പി സ്കൂളുകൾ എന്നിവ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. സർക്കാർ നിർദ്ദേശ പ്രകാരം എസ്.എസ്.എ പ്രൊജക്ടിന് അർഹമായപഞ്ചായത്ത് വിഹിതം വകയിരുത്താത്തതിനും, എസ്.എസ്.കെ പ്രൊജക്ടിന്റെ വിശദാംശങ്ങൾ തയ്യാറാക്കു മ്പോൾ പഞ്ചായത്ത് മുഖ്യപങ്ക് വഹിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാത്തതിനും കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-24 കന്നുകുട്ടി പരിപാലന പദ്ധതി-സാക്ഷ്യപത്രം ഹാജരാക്കിയില്ല

വെറ്ററിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിയിൽ (പ്രൊജക്ട് .നം. 101/19-20) 35 ഗുണഭോക്താക്കൾക്കായി, 218750/- രൂപ ബിൽ നം. 1/19-20, പ്രകാരം 11.11.2019 ന് കാഫ് ഫീഡ് സബ്സിഡി സ്കീം അസി. ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

## 1-25 പെയിൻ ആൻഡ് പാലിയേറ്റീവ് : മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

പ്രോജക്ട് : പെയിൻ ആൻഡ് പാലിയേറ്റീവ് പരിപാടി - വൃദ്ധർ പാലിയേറ്റീവ്

പ്രോജക്ട് നമ്പർ : 84/19-20

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

മരുതോങ്കര ഗ്രാമപഞ്ചായത്തിലെ പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനവുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ 4,88,455/- രൂപ ചെലവഴിച്ചിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ നമ്പർ | തീയതി | തുക | ഫണ്ട് |
|---|---|---|---|---|
| 1 | 1/19-20 | 05.09.2019 | 1,61,576 | വികസനഫണ്ട് |

| | | | | |
|---|---|---|---|---|
| 2 | 5/19-20 | 18.10.2019 | 15,000 | |
| 3 | 8/19-20 | 18.11.2019 | 54,166 | |
| 4 | 12/19-20 | 10.12.2019 | 15,000 | |
| 5 | 13/19-20 | 18.01.2020 | 18,307 | (ജനറൽ) |
| 6 | 14/19-20 | 06.02.2020 | 15,000 | |
| 7 | 17/19-20 | 29.02.2020 | 47,802 | |
| 8 | 20/19-20 | 30.03.2020 | 71,966 | |
| | | | 3,98,817 | |
| 9 | 113 | 03.12.2019 | 89,638 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| ആകെ | | | 4,88,455 | |

പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങൾ ക്രിയാത്മകമായി നടപ്പിലാക്കുന്നതിനായി സ.ഉ(സാധാ) നം.553/2019/തസ്വഭവ തിയ്യതി 07.03.2019 പ്രകാരം മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിന്റെ ഖ.2.9.1 പ്രകാരം പാലിയേറ്റീവ് കെയർ പ്രോജക്റ്റിന്റെ നടത്തിപ്പിനും മേൽനോട്ടം വഹിക്കുന്നതിനുമായി ഓരോ സാമ്പത്തിക വർഷത്തിനും മുൻപും ഒരു പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രൂപീകരിക്കേണ്ടതാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി രണ്ടു മാസത്തിലൊരിക്കൽ അല്ലെങ്കിൽ ആവശ്യാനുസരണമോ യോഗം ചേരേണ്ടതാണ്. ഇതിൽ ഓരോ മാസത്തെ വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ-പി.എച്ച്.സി) അവതരിപ്പിക്കേണ്ടതും പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി അത് അംഗീകരിക്കേണ്ടതുമാണ്. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി 2019-20 വർഷത്തിൽ 19.07.2019, 01.08.2019, 13.01.2020 എന്നീ തിയ്യതികളിലായി 3 തവണ യോഗം ചേരുകയുണ്ടായി. ഇതിൽ പ്രവർത്തനാവലോകനം നടത്തുകയുണ്ടായെങ്കിലും വരവു ചെലവു കണക്കുകൾ മെമ്പർ സെക്രട്ടറി അവതരിപ്പിച്ച് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. 01.08.2019 -ന ശേഷം 13.01.2020 ന മാത്രമാണ് കമ്മറ്റി യോഗം ചേർന്നത്. ഇവിടെ രണ്ടു മാസത്തിലൊരിക്കൽ യോഗം ചേരണമെന്ന നിർദ്ദേശം പാലിക്കുകയുണ്ടായിട്ടില്ല.

പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റിയുടെ പ്രവർത്തനങ്ങൾ നടത്താത്തതിന് വിശദീകരണം നൽകേണ്ടതാണ്.

## 1-26 ക്ഷീര കർഷകർക്ക് മിൽക്ക് ഇൻസന്റീവ് - സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രൊജക്റ്റ് നമ്പർ 105/19-20 പ്രകാരം ഡയറി ഫാം ഇൻസ്ട്രക്ടർ നടപ്പിലാക്കിയ പദ്ധതിയിൽ 2019-20 വർഷം 4,16,222/- രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് ഒരു ലിറ്റർ പാലിന് 4 രൂപ പ്രകാരം പരമാവധി 40,000 രൂപ സബ്സിഡി അനുവദിക്കുന്നതാണ്. ഗുണഭോക്താക്കളായ ക്ഷീരകർഷകർ സംഘങ്ങളിൽ എത്ര ലിറ്റർ പാൽ അളന്നിട്ടുണ്ടെന്ന സംഘം സെക്രട്ടറിമാരുടെ സാക്ഷ്യപത്രം ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്. സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 4,16,222 രൂപ തടസ്സത്തിൽ വെക്കുന്നു.

1-27 കട്ടിൽ വിതരണം :ഒരാൾക്ക തന്നെ രണ്ടു തവണ നൽകി

നിർവഹണ ഉദ്യോഗസ്ഥൻ : ഐ സി ഡി എസ് സൂപ്പർവൈസർ

പ്രോജക്റ്റ് നമ്പർ : 14/20

പ്രൊജക്റ്റ് : വൃദ്ധർക്ക് കട്ടിൽ വിതരണം

ബിൽ നമ്പർ : 9/29-02-2020

തുക : 345,032/-

2019-20 വർഷത്തിൽ പഞ്ചായത്തിലെ വൃദ്ധർക്ക് കട്ടിൽ വിതരണം നടത്തുന്നതിനായി പ്രൊജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. ആർട്ട്കോയിൽ നിന്നും വാങ്ങിയ 80 കട്ടിലുകൾ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിയപ്പോൾ ഒരാൾക്ക തന്നെ രണ്ടു തവണ നൽകുകയുണ്ടായി. കല്ല്യാണി ഉണ്ടിപ്പറമ്പത്ത് എന്ന ഗുണഭോക്താവിന് ക്രമ നമ്പർ 16 ആയും 74 ആയും രണ്ടു തവണ കട്ടിൽ നൽകുകയുണ്ടായി. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറി /2019-20 ന് മറുപടി നൽകിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

1-28 സ്ഥിര താമസക്കാരെന്ന രേഖകളില്ലാതെ സ്കോളർഷിപ്പ് നൽകുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : ഐ സി ഡി എസ് സൂപ്പർവൈസർ

പ്രോജക്റ്റ് നമ്പർ : 11/20

പ്രൊജക്റ്റ് : ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ്

2019-20വർഷത്തിൽ പഞ്ചായത്തിലെ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി പ്രൊജക്റ്റ് ഏറ്റെടുത്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ ബില്ലുകളിലായി 900,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇങ്ങനെ സ്കോളർഷിപ്പ് നൽകിയതിൽ കാവ്യാഞ്ജലി വിനോദ്, ആദിത്യൻ എന്നീ രണ്ട് വിദ്യാർത്ഥികൾക്ക് യഥാക്രമം 24,600/-,8000/-രൂപ 2019-20 വർഷത്തിൽ സ്കോളർഷിപ്പായി അനുവദിച്ചിട്ടുണ്ട്. വിശദാംശം ചുവടെ കാണിക്കുന്നു.

| | ബിൽ നമ്പർ,തുക | കാവ്യാഞ്ജലി വിനോദ് | ആദിത്യൻ |
|---|---|---|---|
| 1 | 4/18-10-2019 , 108,000/- | 6000 | |
| 2 | 6/08-11-2019, 71,400/- | | 4200 |
| 3 | 8/18-01-2020, 102,600/- | 4000 | 1800 |
| 4 | 168/13-02-2020, 100,000/- | 1000 | 600 |
| 5 | 13/31-03-2020, 200,000/- | 5500 | 1400 |
| 6 | 14/31-03-2020, 200,000/- | 8100 | |
| | | 24600 | 8000 |

ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുമ്പോൾ അവർ

ഏത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരിധിക്കുള്ളിലെ വിദ്യാഭ്യാസ സ്ഥാപനത്തിൽ പഠിച്ചാലും അവർ ഏത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ സ്ഥിര താമസക്കാരനാണോ ആ സ്ഥാപനമാണ് അവർക്ക് ധനസഹായം നൽകേണ്ടതെന്ന് സ.ഉ.(കൈ)നം.22/2018/ത സ്വ ഭ വ.തിയ്യതി.14-02-2018 പ്രകാരം വ്യക്തമാക്കുന്നു.കാവ്യാഞ്ജലി വിനോദ്,ആദിത്യൻ എന്നീ രണ്ടു വിദ്യാർത്ഥികൾ അവർ മരുതോങ്കര ഗ്രാമപഞ്ചായത്തിലെ സ്ഥിര താമസക്കാരെന്ന രേഖകൾ ഹാജരാക്കുകയുണ്ടായിട്ടില്ല.ഇവർ ഹാജരാക്കിയ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിലെ വിലാസത്തിലും മറ്റു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേരാണുള്ളത്.വിശദാംശം ചുവടെ കാണിക്കുന്നു.

| | പേര് | മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിലെ വിലാസം |
|---|---|---|
| 1 | കാവ്യാഞ്ജലി വിനോദ് | കാഞ്ഞിരങ്ങാട്, മാനന്തവാടി, വയനാട് |
| 2 | ആദിത്യൻ | പാറയുള്ള പറമ്പത്ത്, മോലോത്തറ,കാവിലുംപാറ |

സ്ഥിര താമസക്കാരെന്ന രേഖകൾ ഹാജരാക്കാതെ സ്കോളർഷിപ്പ് നൽകിയതിന് വിശദീകരണം നൽകേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി /2019-20 ന് മറുപടി നൽകിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. കാവ്യാഞ്ജലി വിനോദ്,ആദിത്യൻ എന്നീ വിദ്യാർത്ഥികൾ മരുതോങ്കര ഗ്രാമപഞ്ചായത്തിലെ സ്ഥിര താമസക്കാരെന്ന രേഖകൾ ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-29 സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം - വിശദാംശം ലഭ്യമാക്കിയിട്ടില്ല

മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായുള്ള പരിശോധനയിൽ, സാക്ഷരതാ പ്രേരക്മാർക്ക് ടി.എ, ഹോണറേറിയം, എന്നീ ഇനങ്ങളിൽ നൽകിയ, താഴെ വിവരിക്കും പ്രകാരമുള്ള 74,819/- രൂപ നിലവിൽ പഞ്ചായത്തിന് തിരികെ ലഭിയ്ക്കാനുള്ളതായി കാണുന്നു. സാക്ഷരതാ മിഷനിൽ നിന്നും യഥാസമയം ഫണ്ട് ലഭിക്കാതെ വരുമ്പോൾ തനത് ഫണ്ടിൽ നിന്നും ഹോണറേറിയവും, മറ്റു അലവൻസുകളും നൽകുകയും, ആയതിന്റെ കണക്ക് സാക്ഷരതാ മിഷനെ അറിയിച്ച് തുക ക്രമീകരിക്കുകയുമാണ് ചെയ്യേണ്ടത്

| | |
|---|---|
| 2015-16 | 8,700 |
| 2016-17 | 54,119 |
| 2017-18 | 12,000 |
| ആകെ | 74,819 |

ജില്ലാ സാക്ഷരതാ മിഷനിൽ നിന്നും തുക, തിരികെ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-30 തനത് ഫണ്ടിനത്തിൽ ലഭ്യമായതിലും കൂടിയ തുക പ്രൊജക്ടുകൾക്ക് വകയിരുത്തുന്നു

സ്ഥാപനത്തിന്റെ സാമ്പത്തികവർഷത്തെ ചെലവുപത്രിക പരിശോധിച്ചതിൽ വിവിധ പ്രൊജക്ടുകൾക്കായി തനത് ഫണ്ടിൽ നിന്നും 6359738 രൂപ വകയിരുത്തുകയും 3428822 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. സ.ഉ.നമ്പർ 11/2018/ത.സ്വ.ഭ.വ.തി 29.1.18 ഖണ്ഡിക 5.1(3) പ്രകാരം 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെയും ബന്ധപ്പെട്ട ചട്ടത്തിലെയും വ്യവസ്ഥകൾ പ്രകാരം തനത് ഫണ്ടിൽ നിന്നും നിഷ്കർഷിച്ച അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബജറ്റിൽ മാറ്റിവെച്ച ശേഷം മിച്ചമുള്ള തുക തനത് ഫണ്ട് എന്നസ്രോതസ്സായി പദ്ധതിയിൽ വകയിരുത്തണം. എന്നാൽ പഞ്ചായത്തിൽ തനത് ഫണ്ട് വകയിരുത്തിയപ്പോൾ ആയത്

പരിഗണിച്ചുകാണുന്നില്ല. 18-19 സാമ്പത്തികവർഷത്തെ പഞ്ചായത്തിന്റെ തനത് ഫണ്ട് നീക്കിയിരിപ്പ് (19-20 മുന്നിരിപ്പ്) ബാങ്ക്, ട്രഷറി അക്കൗണ്ടുകളിലായി അവശേഷിക്കുന്നത് 9078513 രൂപയാണ്. ആയതിൽ മറ്റ് പ്രത്യേക ആവശ്യങ്ങൾക്ക് മുൻവർഷങ്ങളിൽ ലഭ്യമായതും ചെലവഴിക്കാതെ തനത് ഫണ്ട് എകൗണ്ടിൽ അവശേഷിക്കുന്നതുമായ തുക 3400818 രൂപയുണ്ട്. (2018-2019 ബാലൻഷീറ്റ് B4) ആയത് കുറവ് ചെയ്യാൽ തനത് ഫണ്ട് നീക്കിയിരിപ്പ് 5677695 രൂപയാണ്. ഇതിൽ നിന്നും തൻവർഷം നൽകാനുള്ളതും ബാധ്യതയായി അവശേഷിക്കുന്നതുമായ തുക B.9, B.7എന്നിവ പ്രകാരം 2979615 രൂപയുണ്ട്. ഇതുകൂടി കുറവുചെയ്യാൽ 2698080 രൂപ മാത്രമെ 2018-19 സാമ്പത്തിക വർഷം നീക്കിയിരിപ്പ് അതായത് 19-20ൽ യഥാർത്ഥ മുന്നിരിപ്പായുള്ളൂ. ഈ ഒരു സാമ്പത്തിക സ്ഥിതിയാലാണ് തൻവർഷത്തെ തനത് ഫണ്ട് വരവ് പ്രതീക്ഷിച്ച് 6359738 രൂപ തനത് ഫണ്ടിൽ നിന്നും പ്രൊജക്റ്റുകൾക്കായി വകയിരുത്തിയിരിക്കുന്നത്. 2019-20 വർഷത്തെ യഥാർത്ഥ തനത് ഫണ്ട് വരവും, ചെലവും പരിശോധിച്ചതിൽ ടാക്സ് ,ഫീസ് ഉൾപ്പെടെ തനത് വരുമാനം 4960458 രൂപയും ജനറൽ പർപ്പസ് ഗ്രാന്റ് വരവ് 9424835 രൂപയും ഉൾപ്പെടെ ആകെ 14385293 രൂപ വരവുണ്ട്. ആയതിൽ ശമ്പള ചെലവുകൾ, ഓപ്പറേഷൻ &മെയിന്റനൻസ്, ഭരണചെലവുകൾ എന്നിവക്ക തനത് ഫണ്ടിൽ നിന്നുള്ള ചെലവുകൾ (I.12(B), 1.10(B)1.11(b) 14071430 രൂപ വരുന്നുണ്ട്. ഇതിൽ നിന്നും പഞ്ചായത്തിന്റെ തനത് വരവ് ജനറൽ പർപ്പസ് ഗ്രാന്റുൾപ്പെടെ പഞ്ചായത്തിന്റെ ദൈനംദിന ചെലവുകൾക്ക് മാത്രം പര്യാപ്തമാണെന്ന് കാണാം. ഈ സാഹചര്യത്തിലാണ് പരിമിതമായ മുന്നിരിപ്പ് മാത്രംനിലനിൽക്കെ ഭീമമായ തുക പ്രൊജക്റ്റുകൾക്ക് വകയിരുത്തിയിരിക്കുന്നത്. ആവശ്യമായ ലഭ്യത ഇല്ലാത്ത തനത് ഫണ്ട് വകയിരുത്തി പ്രൊജക്റ്റുകൾ തയ്യാറാക്കി തുക ചെലവഴിക്കുന്നതിനാൽ തനത് ഫണ്ട് എകൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള മറ്റ് ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുന്നതിനും, അല്ലെങ്കിൽ തനത് ഫണ്ട് വിഹിതം ചെലവഴിക്കപ്പെടാതിരിക്കുന്നതിനും കാരണമാവും. തനത് ഫണ്ട് ലഭ്യത പരിഗണിക്കാതെ പ്രൊജക്റ്റുകൾക്ക് തനത് ഫണ്ട് വകയിരുത്തുന്നതിന് കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്റ്റുകൾക്ക് തനത് ഫണ്ട് വകയിരുത്തുന്നതിന് മുമ്പ് ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച് സെക്രട്ടറിയും, ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഭരണസമിതിക്ക് മുൻപിൽ യഥാർത്ഥ കണക്ക് അവതരിപ്പിക്കുന്നതിൽ വരുന്ന വീഴ്ചയാണ് ലഭ്യമായതിലും കൂടിയ തുക തനത് ഫണ്ടിനത്തിൽ പ്രൊജക്റ്റുകൾക്ക് തുക വകയിരുത്താൻ ഇടവരുന്നത്. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്

## 1-31 സംയുക്ത പ്രൊജക്റ്റുകൾക്കായി ലഭിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം വർഷങ്ങളായി തിരികെ അടവാക്കാതെ കിടക്കുന്നു

സാമ്പത്തിക വർഷത്തെ വാർഷികകണക്ക് പ്രകാരം ജില്ല/ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ മുൻവർഷങ്ങളിൽ ഉൾപ്പെടെ വരവുവന്ന തുകയിൽ 389460 രൂപ 31.3.20 ൽ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ആയതിൽ 2 ലക്ഷം രൂപ തുടർ സാമ്പത്തിക വർഷത്തിൽ ചെലവഴിക്കപ്പെട്ടതായും 89460 രൂപ 21-22 സാമ്പത്തിക വർഷത്തിൽ തിരിച്ചടവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 320700104 ഹെഡിൽ Contribution For Joint Vevture Project (For Capital Expanditure) From Block Panchayath ൽ അവശേഷിക്കുന്ന 100000 രൂപ നിലവിലും ചെലവഴിക്കുകയോ, തിരിച്ചടവാക്കുകയോ ചെയ്തുകാണുന്നില്ല. സംയുക്ത പ്രൊജക്റ്റുകൾ പ്രകാരം വരവുവന്നതും ചെലവഴിച്ചതുമായ തുകകളുടെ വിവരം കാണിക്കുന്ന രജിസ്റ്റർ , ബന്ധപ്പെട്ട ലഡ്ജർ എന്നിവ പരിശോധിച്ചതിൽ 2014-15 വർഷം മുതൽ ഈ തുക ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. ഏത് പ്രൊജക്റ്റിനായി വരവു വന്ന തുകയാണിതെന്ന് വ്യക്തമല്ല. പഞ്ചായത്തിൽ നിന്നും ലഭ്യമായ വിവരം പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ ഭിന്നശേഷി വിദ്യാർത്ഥികൾക്കുള്ള പാർക്കിൽ കളി സ്ഥലം ഒരുക്കൽ എന്ന പ്രൊജക്റ്റിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽമറ്റൊരു 100000 രൂപ വരവുവന്നിട്ടുണ്ട്. ഈ തുക ഏത് അക്കൗണ്ടിലാണ് വരവുവന്നിരിക്കുന്നത് എന്ന് വ്യക്തമല്ല. ഈ തുക നിലവിലും ചെലവഴിക്കാതെ 21-22 സാമ്പത്തിക വർഷത്തിലും സ്പിൽ ഓവർ പ്രൊജക്റ്റായി തുടരുകയാണ്. 2017-18 സാമ്പത്തിക വർഷത്തിൽ വരവു വന്ന തുക കൂടി ഉൾപ്പെടെ 2 ലക്ഷം രൂപ ബ്ലോക്ക് പഞ്ചായത്ത്

വിഹിതമിനത്തിൽ ചെലവഴിക്കാതെ ബാധ്യതയായി ബാലൻഷീറ്റിൽ കാണേണ്ടതാണെങ്കിലും ഒരു ലക്ഷം രൂപ മാത്രമെ ബാധ്യതയായി കാണുന്നുള്ളൂ. ആയതിന് വിശദീകരണം ലഭ്യമാക്കുന്നതോടൊപ്പം, ചെലവഴിക്കാതെ വർഷങ്ങളായി അവശേഷിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് വിഹിതം തിരികെ അടവാക്കി അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ക്വാട്ട് ചെയ്ത നിരക്കിനേക്കാൾ അധിക തുക കരാറുകാരന് നൽകി

നിർവഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

പ്രോജക്ട് നമ്പർ : 174/20

പ്രൊജക്ട് : തയ്യിൽ കുന്ന് കുളം സംരക്ഷണഭിത്തി

ബിൽ നമ്പർ : 11/30-09-2019

തുക : 381,790/-

മേൽ പ്രൊജക്ടിൽ കരാറുകാരനായ ജോസഫ് വി ജെ 10.1% കുറഞ്ഞ നിരക്കിലാണ് പ്രവൃത്തി ഏറ്റെടുത്തത്. ആകെ പ്രവൃത്തി മൂല്യമായ 398,113 നിന്നും ക്വോട്ട് ചെയ്ത 10.1% കുറഞ്ഞ നിരക്കായ 40,209 കുറച്ച തുകയായ 357,904/-രൂപയാണ് കരാറുകാരന് നൽകേണ്ടിയിരുന്നത്. എന്നാൽ ആകെ പ്രവൃത്തി മൂല്യത്തിൽ നിന്നും 16,323/-(4.1%)രൂപ മാത്രം കുറവു വരുത്തി 381,790/-രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. പ്രവൃത്തി മൂല്യത്തിൽ നിന്നും കരാറുകാരൻ ക്വോട്ട് ചെയ്ത10.1% കുറഞ്ഞ നിരക്കിൽ കുറവു വരുത്താത്തതിനാൽ 23,886/-രൂപ കരാറുകാരന് അധികം നൽകിയിട്ടുണ്ട്(381,790 - 357,904). 23,886/-രൂപ കരാറുകാരന് അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറി /2019-20 ന് മറുപടി നൽകിയിട്ടില്ല. പ്രവൃത്തി മൂല്യത്തിൽ നിന്നും കരാറുകാരൻ ക്വോട്ട് ചെയ്ത 10.1% (40,209/-രൂപ) കുറഞ്ഞ നിരക്കിന് പകരം 4.1% (16,323/-രൂപ) മാത്രം കുറവു വരുത്തിയതിനാൽ 23,886/-രൂപ കരാറുകാരന് അധികം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈ തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019-20 | 23.03.2022, 24.03.2022 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 45,000 | നെൽകൃഷി വികസനം | 45,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1,00,000 | പെയിൻ&പാലിയേറ്റീവ് പരിപാടി വൃദ്ധർ | 89,638 | 10,362 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 3,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 3,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2,57,340 | ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസന്റീവ് | 2,57,340 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 9,80,000 | ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി | 9,80,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 1,24,437 | മുട്ടഗ്രാമം പദ്ധതി-വനിതകൾക്ക് | 1,24,437 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 2,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 11,20,000 | ലൈഫ് ഭവന പദ്ധതി | 11,20,000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 4,20,000 | ലൈഫ് സമ്പൂർണ്ണ ഭവന പദ്ധതി | 4,20,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 4,00,000 | മുപ്പറ്റകുഴി അംഗണവാടി നിർമ്മാണം | 4,00,000 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

ഇല്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷം എടുത്ത വായ്പ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ ഭവന പദ്ധതി | സ.ഉ(എം.എസ്) 68/2018.ത.സ്വ.ഭ.വ തീയതി-18/08/2018 | - | 1,50,80,000 | 10,14,706 | -- | 1,40,65,294 |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,18,496 |
| തൻവർഷം നിക്ഷേപിച്ച തുക | 17,480 |
| ആകെ | 2,35,976 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,35,976 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക |
|---|---|---|---|---|
| 1 | കോഴിക്കോട് ഡിസ്ട്രിക്റ്റ് കോപ്പറേറ്റീവ് ബാങ്ക് | 31.03.2020 | 12 മാസം | 2,35,976 |
| ആകെ | | | | 2,35,976 |

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

മരുതോങ്കര ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 36 | 2003-04 | 11.14 | മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതിയില്ല | തടസ്സം തുടരുന്നു |
| 1998-99 ചെലവ് | 19 | 2003-04 | 11.13.1.13 | എഗ്ഗർ നഴ്സറി യൂണിറ്റ് പൂർത്തിയാക്കിയില്ല | തടസ്സം തുടരുന്നു |
| | 30 | | 11.13.1.5 | വനിതാ സോപ്പ് നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നില്ല | തടസ്സം തുടരുന്നു |
| | 32 | | 11.13.1.4 | ബുക്ക് ബൈൻഡിംഗ് യൂണിറ്റ് പ്രവർത്തിക്കുന്നില്ല | തടസ്സം തുടരുന്നു |
| | | | 11.14 | നാളികേര കോംപ്ലക്സ് നിർമ്മാണം | തടസ്സം തുടരുന്നു |
| 1999-00 | | | 11.14 | കയറുൽപ്പന്ന നിർമ്മാണ പരിശീലനം, വീട് ഓടു മേയൽ ചെലവ് വിവരം ലഭ്യമല്ല | തടസ്സം തുടരുന്നു |

| | | | | | |
|---|---|---|---|---|---|
| 2000-01 | 2-1 | 2005-06 | 2.70.1.11.7 | രജിസ്റ്ററുകളുടെയും ഫയലുകളുടെയും സൂക്ഷിപ്പ് | ഒഴിവാക്കാൻ ശുപാർശ |
| | | | 2.70.1.14.9 | നികുതി പിരിവിൽ അലംഭാവം | ഒഴിവാക്കാൻ ശുപാർശ |
| 2001-02 | 12 | 2003-04 | 11.13.1.2 | നാളീകേര കോംപ്ലക്സ് പ്രവർത്തനമാരംഭിച്ചില്ല | തടസ്സം തുടരുന്നു |
| | 12 | | 11.13.1.3 | വസ്ത്ര നിർമ്മാണ യൂണിറ്റ് | തടസ്സം തുടരുന്നു |
| 2014-15 | 2-2, 2-3 | 2016-17 | അനുബന്ധം4 | തൊഴിൽ നികുതി അപാകതകൾ | തടസ്സം തുടരുന്നു |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,33,42,965 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,58,78,084 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 23,886 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,90,147 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |

| | | | |
|---|---|---|---|
| 3-1 | | 23,886 | അശ്വിനി.എ.ആർ, അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 1,73,925 | ചന്ദ്രൻ.പി, സെക്രട്ടറി |
| 1-26 | 4,16,222 | മഹേഷ്.കെ.കെ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| ആകെ | 5,90,147 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അശ്വിനി.എ.ആർ, അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്ത് | കരുമാണ്ടിയിൽ, മൊടക്കല്ലൂർ(പി.ഒ), കോഴിക്കോട് |
| ചന്ദ്രൻ.പി, സെക്രട്ടറി | പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ, പേരാമ്പ്ര യൂണിറ്റ് | പാറക്കൽ, മരുതോങ്കര(പി.ഒ), കോഴിക്കോട് |
| മഹേഷ്.കെ.കെ, ഡയറി ഫാം ഇൻസ്ട്രക്ടർ | ഡയറി ഫാം ഇൻസ്ട്രക്ടർ, മരുതോങ്കര ഗ്രാമപഞ്ചായത്ത് | കാഞ്ഞിരത്തിൻകീഴിൽ, ചോമ്പാല(പി.ഒ), കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|

| | കത്തിടപാടിന്റെ വിവരം | എണ്ണം | |
|---|---|---|---|
| 1997-98 ചെലവ് | എൽ.എഫ്.കെ.കെ.ഡി. പി6/86/13(1) തീ-13.02.2013 | 1 | 27 |
| 1997-98 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. എസ്1/720/03 തീ-4.11.2003 | 8 | 17,19,30,32,34, 35,40,41 |
| 1998-99 ചെലവ് | എൽ.എഫ്.കെ.കെ.ഡി. പി6/86/13(2) തീ-13.02.13 | 8 | 17,19,30,32,34, 35,40,41 |
| 1998-99 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. എസ്1/721/03 തീ-01.09.05 | 6 | 11, 12(2), 12(3),18,22,28 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി. പി6/1920/11(11) തീ-24.07.2012 | 7 | 25,26,28,29, 31,32,33 |
| 2000-01 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. പി6/1920/12(12) തീ-24.07.2012 | 4 | 1-6,2-1,3-2,3-4 |
| 2000-01 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി. എസ്2/1181/03 തീ-01.09.2005 | 2 | 3-2,3-4 |
| 2001-02 പ്ലാൻ | എൽ.എഫ്.കെ.കെ.ഡി. എസ്2/1182/03 തീ-19.08.2005 | 7 | 8,9,10,11,12 |
| 2001-02 ഡി.സി.ബി | എൽ.എഫ്.കെ.കെ.ഡി. പി6/251(1)/09 തീ-31.03.2009 | 3 | 3-2,3-3,4-1 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി. പി6/251(1)/09 തീ-31.03.2009 | 11 | (2-1(1),2-1(2),2-2,3-1,3-2, 3-3,3-4,3-5,3-6,3-7(ബി),4-1 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി. പി6/1156(1)/09 തീ-20.05.2010 | 12 | 3-1,3-2,3-3,3-4,3-5,3-6(1,2) 3-7,3-8,3-9,3-10,3-11,4-1 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി. പി6/1156(2)/09 തീ-20.05.2010 | 11 | 3-1(1), 3-1(2), 3-1(3), 3-1(4),3 B,C, D(1), 3-2, 3-3 ,3-4, 3-1 D (2), 4-7 ഇ |
| 2005-06 | എൽ.എഫ്.കെ.കെ.ഡി. പി6/1156(3)/09 തീ-21.05.2010 | 10 | 2-2,3-1,3-2,3-3,3-4,3-5 3-6,3-7,3-8,4-1 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി. പി6/75/11 തീ-08.06.2011 | 22 | 2-1,2-6,2-7,2-8,2-9,2,-10 2-11,2-12,3-1,3-2,3-3,3-4, 3-5, 3-6,3-7(1-4) |

| | | | |
|---|---|---|---|
| 2007-08 | എൽ.എഫ്.കെ.കെ.ഡി. പി6/1136/12 തീ-28.04.2012 | 16 | 2-1,2-4,2-5,3-2,3-3,3-4, 3-5,3-6,3-9,3-10,3-11,3-12, 3-13,3-15,3-18,3-19 |
| 2008-09 | എൽ.എഫ്.കെ.കെ.ഡി. പി6/1531(1)/12 തീ-01.11.2012 | 14 | 1-2,2-1,3-1,3-2,3-3,3-4, 3-6,3-8,3-9,3-10,3-11,3-12, 3-13,3-14 |
| 2009-10 | എൽ.എഫ്.കെ.കെ.ഡി. പി6/1531(2)/12 തീ-15.04.2013 | 23 | (1-1,1-2,2-1(1,2,3,4), 2-1(ബി,സി,ഡി), 2-2,2-3,2-4,2-5,3-1എ),ബി), 3-3,3-4,3-6,3-8,3-10,3-11 3-12,3-13,3-14, 3-15,3-16, 3-17,3-18,3-19(1,2),3-20 |
| 2010-11 &11-12 | എൽ.എഫ്.കെ.കെ.ഡി. പി6/273/13 തീ-25.11.2013 | 26 | (1-5,1-6,2-1(ബി,സി), 2-2(എ-1,2,3,4),2-2(ബി-1,2,3) 2-3,3-1,3-2,3-4,3-5,3-6,3-7, 3-8,3-9,3-10,3-11,3-12,3-13, 3-14(എ,ബി)3-15,3-16,3-17 3-18,3-19) |
| 2012-13 &13-14 | എൽ.എഫ്.കെ.കെ.ഡി. പി6/16/15 തീ-8.02.2015 | 13 | 2-1,3-1,3-2,3-3,3-4,3-5, 3-6,3-7,3-8,3-10,3-12,3-13 3-14, |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി. പി6/1945/2018 തീ-22.10.2018 | 17 | 2-1,2-2(1,2),2-3,3-1,3-2,3-3, 3-4,3-5,3-6,3-7,3-10,3-11, 3-12,3-13,3-14,4-3 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി. പി6/678/2017 തി-03.06.2017 | 13 | 2-1,2-2,3-1,3-2,3-3,3-4, 3-5,3-6,3-7,3-8, 3-12,3-13,3-17 |
| 2016-17 | കെ.എസ്.എ.കെ.കെ.ഡി .പി6/207/2018 തീ-06.02.2018 | 15 | 2-1,2-2(3),2-3(2),2-3(4,5) ,2-4,2-5,3-1(1,2,3), 3-2,3-8,3-9,3-10,3-12) |
| 2017-18 | കെ.എസ്.എ.കെ.കെ.ഡി .പി6/926/2019 തീ-05.07.2019 | 13 | 1-12(1)(2)(4) (5),2-2(1)എ),2-2(2),2-3(4), 2-5,3-1,3-4,3-5,3-8(1), 3-8(2)(3), 3-10,3-14,3-15(2) (3)(4) |
| 2018-19 | കെ.എസ്.എ.കെ.കെ.ഡി /പി10/607/2020 തീ-27.08.2020 | 12 | 1-6,1-9,1-10,1-11,1-12,1-13, 1-16,1-18,1-20,1-21,1-22,1-23 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ),
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ മരുതോങ്കര ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്